ആബിദ് പുത്തൂർ പള്ളിക്കൽ

# ആധുനികസമൂഹവും വിദ്യാർത്ഥികളും

ധാർമ്മിക സാംസ്കാരിക മേഖലകളിൽ ഇന്ന് സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളിലും സമൂഹത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്തവരെന്ന നിലക്ക് വിദ്യാർത്ഥികൾ തങ്ങളുടെ പ്രാതിനിധ്യം വിളിച്ചറിയിക്കുകയാണ്. ഇന്നിന്റെ തുടിപ്പുകളും നാളെയുടെ വാഗ്ദാനങ്ങളുമാകേണ്ട വിദ്യാർത്ഥികൾ ധാർമ്മികപരമായി അധഃപതിച്ചിരിക്കുന്ന ദുഃഖകരമായ അവസ്ഥയിലാണ്. ഇന്ന് സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പല വിഷയങ്ങളിലും മൗലികമായ പ്രശ്നത്തിലെത്താതെ ഒരു ചടങ്ങെന്നോണം എതിർപ്പുകൾ പ്രകടിപ്പിച്ച് അതിൽ സംതൃപ്തി അടയുകയാണ് ഇന്നിന്റെ സമൂഹം സമൂഹത്തിന്റെ മുഖ്യഭാഗമെന്ന നിലക്ക് പല പ്രശ്നങ്ങളിലും വിദ്യാർത്ഥികൾ സമൂഹത്തെ അന്ധമായ ഒരു പിൻതുടരൽ സ്വാഭാവികമാണെങ്കിലും അതിൽനിന്നും വ്യത്യസ്തമായ ഒരു ചിന്ത ഉടലെടുക്കേണ്ടതുണ്ട്.

സങ്കുചിതത്വങ്ങളിലും അധാർമ്മികപ്രവണതകളിലും ഇന്ന് സമൂഹം വിങ്ങിപ്പൊട്ടുകയാണ്. സമൂഹത്തിന്റെ ഏതേത് മണ്ഡലങ്ങളെടുത്ത് നിരീക്ഷണവിധേയമാക്കുകയാണെങ്കിൽ പലപ്പോഴും ഖേദകരമായ ഒരവസ്ഥയിൽ കവിഞ്ഞ മറ്റൊന്നും നമുക്ക് ലഭിക്കില്ല. സമകാലീന ജീവിതത്തിൽ വിദ്യാർത്ഥി സമൂഹങ്ങളിൽ മാധ്യമങ്ങളുടെ സ്വാധീനം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. സിനിമകൾ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഉപാധിയെന്ന നിലക്ക് വിദ്യാർത്ഥി മനസ്സുകളെ സ്വാധീനിച്ചിരിക്കുന്നു. പലപ്പോഴും ഇന്നിന്റെ സിനിമകൾ യാഥാർത്ഥ്യ ലോകത്തിൽനിന്ന് നന്നേ അകന്ന് പ്രേക്ഷകരുടെ മൃദുല വികാരങ്ങളെ മുതലെടുക്കുവാനാണ് ശ്രമിക്കുന്നത്. കഥാകാരനും കവിയുമെല്ലാം ഭാവനയുടെ ലോകത്തിലിരുന്ന് കടലാസ്സിൽ പകർത്തുന്നതാണ് ജീവിതമെന്ന് കരുതുമ്പോൾ അടിസ്ഥാനപരമായി ജീവിതം സങ്കീർണ്ണമാകുകയാണ്. ഇന്നിന്റെ സിനിമകളെടുത്ത് പരിശോധിച്ചാൽ മിക്കവയിലെയും പ്രമേയം ഒന്നുതന്നെ. പ്രേമം, ഒളിച്ചോട്ടം ഇങ്ങനെ നീളുന്നു. സിനിമയെ യാഥാർത്ഥ്യങ്ങളുടെ ലോകത്തേക്ക് കൊണ്ടുവരാൻ ഒരുവേള അല്പമെങ്കിലും ശ്രമിച്ചിട്ടുള്ള (വിമർശകർ ക്ഷമിക്കുക) അടൂർ ഗോപാലകൃഷ്ണന്റെ വാക്കുകളാണ് ഓർമ്മയിലേക്കോടി വരുന്നത് "ഭൂമിയിലാകെ ഒരു വിഷയമേ ഉള്ളുവെന്ന് തോന്നിപോകും ഈ വഹകൾ കണ്ടാൽ, ആണും പെണ്ണും തമ്മിലുള്ള പ്രണയം" ഇത്തരം സിനിമകൾ കണ്ട് അതാണ് ജീവിതമെന്ന് കരുതുമ്പോൾ സമൂഹത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ ആർക്കും നിഷേധിക്കാൻ കഴിയില്ല.

വിശുദ്ധിയുടെയും ധാർമികതയുടെയും പറുദീസയായി ഭാരതത്തെ ചിത്രീകരിക്കുന്നവരും, ഭാരതീയ സ്ത്രീസങ്കല്പങ്ങളിൽ ഊറ്റം കൊള്ളുകയും ചെയ്യുന്നവർ ഭാരതീയ സ്ത്രീസങ്കല്പങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായി പാശ്ചാത്യസംസ്കാരത്തിന്റെ സ്വാധീനത്തിൽ ചെയ്തുകൂട്ടുന്ന പല പ്രവർത്തനങ്ങളിലും മൗനം പാലിക്കുകയാണ്. അതിനൂതന സാങ്കേതികതയുടെ അളവറ്റ സഹകരണത്തോടെ മാനവ ഹൃദയങ്ങളെ ഒറ്റമാത്രയിൽ കീഴടക്കുന്ന, മധുരമേറിയ പദാവലികളോടെ സ്വർഗ

**വിശുദ്ധിയുടെയും ധാർമികതയുടെയും പറുദീസയായി ഭാരതത്തെ ചിത്രീകരിക്കുന്നവരും, ഭാരതീയ സ്ത്രീ സങ്കല്പങ്ങളിൽ ഊറ്റം കൊള്ളുകയും ചെയ്യുന്നവർ ഭാരതീയ സ്ത്രീസങ്കല്പങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായി പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാധീനത്തിൽ ചെയ്തുകൂട്ടുന്ന പല പ്രവർത്തനങ്ങളിലും മൗനം പാലിക്കുകയാണ്.**

തുല്യമായ മാസ്മരിക ലോകത്തേക്ക് മനുഷ്യമനസ്സിനെ യാത്രയാക്കുന്ന പരസ്യങ്ങൾ സമൂഹത്തിൽ വരുത്തുന്ന പല തെറ്റായ വീക്ഷണങ്ങൾ വളരെയധികം ഗൗരവമേറിയതാണ്. പലപ്പോഴും ഇത്തരം പരസ്യങ്ങളിൽ സ്ത്രീകളെ ഒരു പ്രദർശനവസ്തുവായി ചിത്രീകരിക്കുന്ന പ്രവണത കൂടി വരികയാണ്. സമൂഹം ഇത്തരം പ്രശ്നങ്ങളെ വളരെ ലാഘവബുദ്ധിയോടെയാണ് കൈകാര്യം ചെയ്യുന്നത്.

സമൂഹത്തിൽ മാധ്യമങ്ങൾ വരുത്തിവെക്കുന്ന അധാർമ്മിക പ്രവണതകൾ വിദ്യാർത്ഥി സമൂഹത്തെ തെല്ലൊന്നുമല്ല സ്വാധീനിക്കുക. തങ്ങളുടെ പത്രത്തിന്റെ സെർക്കുലേഷൻ വർദ്ധിപ്പിക്കുവാൻ എന്ത് അനാവശ്യവും പച്ചയായി ചിത്രീകരിക്കുവാൻ ശ്രമിക്കുമ്പോൾ അത് വിദ്യാർത്ഥികളിൽ തുടക്കം മുതൽ ഒരു നിസ്സാരവൽക്കരണത്തിന് ഹേതുവാകുമെന്നത് തീർച്ചയാണ്. ക്ലിന്റന്റെ അവിഹിത ബന്ധങ്ങളും ഫോട്ടോകളും ചേർത്ത് ഒരു പൈങ്കിളി സാഹിത്യത്തിന്റെ നിലവാരത്തിലേക്ക് പലപ്പോഴും ഇന്നിന്റെ വർത്തമാന പത്രങ്ങൾ തരം താഴുകയാണ്. ക്ലിന്റൺ മുതൽ ഡയാനയിലൂടെ കടന്ന് അൻവർ ഇബ്രാഹിം വരെയുള്ളവരുടെ സ്വകാര്യപ്രശ്നങ്ങളും മറ്റും പൊടിപ്പും തൊങ്ങലും വെച്ച് പ്രസിദ്ധീകരിക്കുമ്പോൾ അത് സമൂഹത്തിൽ വിശിഷ്യ ഇളം മനസ്സുകളിൽ വരുത്തുന്ന മാറ്റം കണ്ടില്ലെന്ന് നടിക്കാൻ സാധ്യമല്ല.

സമൂഹത്തിൽ നിന്നുയർന്നുവരുന്ന എന്തൊക്കെ അനാവശ്യവസ്തുതകളുണ്ടോ അതിനെതിരെ ഐക്യത്തിൻറെയും നന്മയുടെയും സന്ദേശം പ്രചരിപ്പിക്കേണ്ട വിദ്യാർത്ഥികൾ സമൂഹത്തിന്റെ ഒഴുക്കിനൊപ്പം നീന്തുകയാണോ? പലപ്പോഴും ഇത്തരം കാര്യങ്ങളിൽ ഒരു പ്രതിരോധത്തിന് ഇന്നിന്റെ വിദ്യാർത്ഥി സമൂഹം അമാന്തം കാണിക്കുകയല്ലെ? ചെന്നൈയിൽ ഒരു കൂട്ടം സാമൂഹ്യദ്രോഹികളുടെ അതിക്രമണത്തിനിരയായി തന്റെ ജീവിതം ബലികൊടുക്കേണ്ടിവന്ന വിദ്യാർത്ഥിയുടെ ദുഃഖം നെഞ്ചിലേറ്റി കവിത എഴുതി കണ്ണീരൊഴുക്കാൻ വിദ്യാർത്ഥികൾക്ക് സമയത്തിന് ക്ഷാമമില്ലെങ്കിലും എന്തുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ സമൂഹം ലാഘവബുദ്ധിയോടെ കൈകാര്യം ചെയ്യുന്നുവെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എവിടെയെങ്കിലും സ്ത്രീ പീഡിപ്പിച്ചുവെന്ന് കേൾക്കുമ്പോഴേക്ക് സ്ത്രീയുടെ അവകാശത്തെപ്പറ്റി പത്രകോളങ്ങളിൽ പ്രസ്താവനകൾ അച്ചടിച്ചുവന്നാൽ പ്രശ്നങ്ങളെല്ലാം മംഗളമായെന്നാണ് ചിലരുടെ ചെയ്തികൾ കണ്ടാൽ തോന്നിപ്പോവുക!

സ്ത്രീപീഡനങ്ങൾക്കെതിരെ ശക്തിയായി പ്രതികരിക്കുന്ന ഫെമിനിസ്റ്റുകൾപോലും പ്രശ്നത്തിന്റെ മർമ്മത്തിലെത്താതെ പ്രതികരിക്കുന്ന ഒരവസ്ഥയാണുള്ളത്. പലപ്പോഴും ഫെമിനിസ്റ്റുകളുടെ സമീപനം എല്ലാത്തിനും പുരുഷമേധാവിത്വമായികാണുന്ന ഒരു പ്രവണതയുണ്ട്. പാശ്ചാത്യൻ രീതിശാസ്ത്രത്തിൽ നിന്നുത്ഭവിച്ച ഫെമിനിസം ഇന്ന് അതിന്റെ പുതിയ ഫോർമുലകൾക്ക് വേണ്ടി കാതോർത്തിരിക്കുകയാണ്. സ്ത്രീകളുടെ പ്രശ്നങ്ങളി ൽ സംഘടിതമായി പ്രതിഷേധമറിയിക്കാൻ സാധിക്കുന്നുവെങ്കിലും അതിനെപ്പറ്റി വ്യക്തമായ ഒരു കാഴ്ചയില്ലാതെ പട്ടണപ്രദേശങ്ങളിലെ ഉന്നത ശ്രേണികളിൽ മാത്രം ഒതുങ്ങി നിൽക്കുകയാണ്. പ്രശസ്ത ഫേമിനിസ്റ്റും കനേഡിയൻ സാഹിത്യകാരിയുമായ മാർഗരറ്റ് ആറ്റ്വുറ്റിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. "ഫെമിനിസം എന്നതുകൊണ്ടുദ്ദേശിക്കുന്നത് സ്ത്രീകളുടെ മാന്യമായ ആവശ്യങ്ങൾ നേടിയെടുക്കലാണെങ്കിൽ ഞാൻ ഒരു ഫേമിനിസ്റ്റാണ്. അതല്ല ഇത്കൊണ്ട് നിങ്ങളുദ്ദേശിക്കുന്നത് പുരുഷന്മാരെ മുഴുവൻ കൊന്ന് കളയലാണെങ്കിൽ ഞാൻ അതിനില്ല." ഇവിടെ സൂചിപ്പിച്ചുകൊണ്ടുവന്നത് സ്ത്രീകൾക്കുനേരെ നടക്കുന്ന അക്രമങ്ങളുടെ മൗലീക പരമായ കാര്യങ്ങളെ ഫെമിനിസ്റ്റുകളുൾപെടെ ആരും കാര്യമാക്കുന്നില്ല എന്നതാണ്.

വളർച്ചയുടെ പ്രധാനഘട്ടമായ കൗമാരത്തിൽ തങ്ങളുടെ സ്വപ്നങ്ങളെയും സങ്കല്പങ്ങളേയും നേർവഴിക്ക് നയിക്കേണ്ടിയിരിക്കുന്നു. അതെല്ലാതെ കൗമാരത്തെ പ്രണയത്തിന്റെ മൊത്തക്കച്ചവടകാലമായി ചിത്രീകരിക്കുന്ന പ്രവണത അനുചിതമല്ല. പരസ്പരം അറിയാനും അടുക്കുവാനുമുള്ള ഒരു ത്വര വർദ്ധിക്കുകയും അത് പ്രണയമായി മാറുകയും ചെയ്യുക കൗമാരത്തിൽ സ്വാഭാവികമാണ്.

സമൂഹത്തിലെ അധാർമിക പ്രവണതകളും വഴിവിട്ട ജീവിതത്തിന്റേയും പരിണിതഫലമായി എയ്ഡ്സ് മനുഷ്യനെ വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രസാങ്കേതിക വിദ്യകളിൽ വമ്പൻ

**യഥാർത്ഥത്തിൽ മതങ്ങളുടെയെല്ലാം മുഖ്യമായ ലക്ഷ്യം മനുഷ്യമോക്ഷമാണ്. മറ്റുള്ള മതങ്ങളെ നശിപ്പിക്കുവാൻ ഒരു മതവും ആഹ്വാനം നൽകിയിട്ടില്ലെന്നിരിക്കെ മതത്തിന്റെ പേരിൽ സങ്കുചിത തത്വങ്ങളിലും വർഗ്ഗീയതയിലും തളച്ചിടാൻ ശ്രമിക്കുന്നവരെ വിദ്യാർത്ഥി സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു.**

പുരോഗതി തേടി ഇരുപത്തൊന്നാം നൂറ്റാണ്ടിനെ സ്വീകരിക്കാൻ നിൽക്കുന്ന ഇന്നിന്റെ സമൂഹം ഇരുകൈകളും നീട്ടി എയ്ഡ്സിനെ സ്വാഗതം ചെയ്യുകയാണ്. പാശ്ചാത്യരിൽ നിന്നും കടം വാങ്ങിയ എയ്ഡ്സിന്റെ ഏറ്റവും വലിയ വിതരണകേന്ദ്രത്തിന് വരും നൂറ്റാണ്ട് ഇന്ത്യയെ കാത്തിരിക്കുകയാണ്. അധാർമ്മികതയുടെയും കുത്തഴിഞ്ഞ ലൈംഗികജീവിതത്തിന്റെയും പ്രതിഫലമായ എയ്ഡ്സ് പകരാതെ എങ്ങിനെ അധാർമ്മിക പ്രവർത്തനങ്ങളിലേർപ്പെടാം എന്നതിന് എളുപ്പവഴി നിർദ്ദേശിക്കുന്ന ഉത്തരവാദിത്വപ്പെട്ടവർ കൂടിയാകുമ്പോൾ ചിത്രം പൂർണ്ണമാവുന്നു. "ഞങ്ങളുടേത് വേശ്യപണിയാണ്, മറ്റേത് തൊഴിലിലും ഉള്ളവരെപ്പോലെ അന്തസ്സായി ജീവിക്കാനുള്ള അവകാശം ഞങ്ങൾക്കുണ്ട്." (ഇന്ത്യാടുഡേ ജനുവരി 96). എയ്ഡ്സിന്റെ മൊത്തകച്ചവടക്കാരായ വേശ്യകൾ തങ്ങളുടെ ജോലി അന്തസ്സായി എടുക്കുന്ന സമീപനം നാം മനസ്സിലാക്കുമ്പോൾ ഇന്ത്യ എയ്ഡ്സിന്റെ പിടിയിലമർന്നിട്ടില്ലെങ്കിൽ നാം അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. മരണം മാരിയായി പെയ്യുന്ന എയ്ഡ്സ് വസന്തത്തോടെയായിരിക്കും കേരളം ഇരുപത്തൊന്നാം നൂറ്റാണ്ടിനെ വരവേൽക്കാൻ പോകുന്നത്." (കലാകൗമുദി നവംബർ 96). ഇത്തരം സുഖകരമല്ലാത്ത കാര്യങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ നാളത്തെ എയ്ഡ്സിന്റെ പ്രചാരകരാകേണ്ടതിൽ ഇന്നിന്റെ വിദ്യാർത്ഥി സമൂഹത്തിന്റെ പങ്ക് അനിഷേധ്യമാണ്. ധാർമ്മിക, സദാചാരമൂല്യങ്ങളുൾക്കൊള്ളുന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിക്ക് വിദ്യാർത്ഥികളുടെ പങ്ക് അത്യാവശ്യമായിരിക്കെ ഇത്തരം പ്രശ്നങ്ങളിൽ വിദ്യാർത്ഥികൾക്കിടയിൽ ഗൗരവമേറിയ പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിൽ ഉയർന്നുകൊണ്ടിരിക്കുന്ന വിഭാഗീയ ചിന്തകളിലും വിദ്യാർത്ഥി സമൂഹം ഒട്ടും പിന്നിലല്ല. പലപ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിന് അടിമപ്പെട്ട് ഇത്തരം കാര്യങ്ങൾ മറഞ്ഞുകിടക്കുകയാണ്. ഇന്നിന്റെ വിദ്യാഭ്യാസ മേഖലകൾപോലും ചില തല്പരകക്ഷികൾ വർഗീയവത്കരിക്കുകയാണ്. വിദ്യാഭ്യാസത്തെ വർഗ്ഗീയവത്കരിച്ച് വിദ്യാർത്ഥികളിൽ വർഗ്ഗീയതയുടെ വിഷവിത്തുകൾ നടുവാനുള്ള ആസൂത്രിതശ്രമത്തെ വിദ്യാർത്ഥികൾ അഭിപ്രായഭിന്നതകളെല്ലാം മറന്ന് ഒറ്റക്കെട്ടായി എതിർക്കേണ്ടിയിരിക്കുന്നു. നഴ്സറി തലം മുതൽ കുഞ്ഞുങ്ങളെ പിടികൂടി അവരിൽ വർഗീയതയുടെ വിഷവിത്തുകൾ നടുവാനുള്ള ശ്രമങ്ങൾക്കെതിരെ ശക്തമായ കൂട്ടായ്മ സമൂഹത്തിൽ നിന്നും വിദ്യാർത്ഥികളിൽനിന്നും ഉയർന്നുവരേണ്ടതുണ്ട്. മതങ്ങളും ദർശനങ്ങളും മനുഷ്യനെ ഒന്നിപ്പിക്കുവാനാണ് നാളിതുവരെ ശ്രമിച്ചിട്ടുള്ളതെന്ന് മതങ്ങളെ വിലയിരുത്തുന്നവർക്ക് മനസ്സിലാക്കാം. ദൗർഭാഗ്യകരമെന്ന് പറയട്ടെ, മർത്ത്യനെ വർഗ്ഗീയവൽക്കരിക്കുവാനും ഭിന്നിപ്പിക്കുവാനും ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതും മതദർശനങ്ങളെ തന്നെയാണ്. മതത്തിന്റെ അനുയായികൾ തന്നെ ചില സന്ദർഭങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെറുപ്പത്തിൽത്തന്നെ വിഭാഗീയ ചിന്തകൾക്ക് ഇളംതലമുറയെ അടിമപ്പെടുത്തുകയും ചെയ്യുന്ന ദൗർഭാഗ്യകരമായ ചിത്രമാണിന്ന് സമൂഹത്തിൽ നിലനിൽക്കുന്നത്. വർഗ്ഗീയപരമായ സമീപനം ആര് സ്വീകരിച്ചാലും ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും അതിനെ ശക്തിയായി എതിർക്കേണ്ടത് വളരെ അത്യാവശ്യമാണ്.

**ഇരുപത്തൊന്നാം നൂറ്റാണ്ടിനെ സ്വീകരിക്കാൻ നിൽക്കുന്ന ഇന്നിന്റെ സമൂഹം ഇരുകൈകളും നീട്ടി എയ്ഡ്സിനെ സ്വാഗതം ചെയ്യുകയാണ്. പാശ്ചാത്യരിൽ നിന്നും കടം വാങ്ങിയ എയ്ഡ്സിന്റെ ഏറ്റവും വലിയ വിതരണകേന്ദ്രത്തിന് വരും നൂറ്റാണ്ട് ഇന്ത്യയെ കാത്തിരിക്കുകയാണ്.**

യഥാർത്ഥത്തിൽ മതങ്ങളുടെയെല്ലാം മുഖ്യമായ ലക്ഷ്യം മനുഷ്യമോക്ഷമാണ്. മറ്റുള്ള മതങ്ങളെ നശിപ്പിക്കുവാൻ ഒരു മതവും ആഹ്വാനം നൽകിയിട്ടില്ലെന്നിരിക്കെ മതത്തിന്റെ പേരിൽ സങ്കുചിതതത്വങ്ങളിലും വർഗ്ഗീയതയിലും തളച്ചിടാൻ ശ്രമിക്കുന്നവരെ വിദ്യാർത്ഥി സമൂഹം തിരിച്ചറിയേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്ന വിഭാഗീയത പടർന്നു പന്തലിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. 'ബാന്ധവാ മാനവാ സർവ്വേ സ്വദേശോ ഭുവനേശ്രയം' മനുഷ്യൻ മുഴുവൻ ബന്ധുക്കളും ഭൂമി മുഴുവൻ അവരുടെ സ്വദേശമാകുന്നുവെന്ന് ഉത്ഘോഷിച്ച ഹൈന്ദവമതത്തിന്റെ വക്താക്കൾക്കെങ്ങനെയാണ് സങ്കുചിതമായി ചിന്തിക്കുവാൻ സാധിക്കുക. (നിങ്ങളുടെ ദൈവം ഒന്ന്, നിങ്ങളുടെയെല്ലാം പിതാവും ഒരാൾതന്നെ. എല്ലാവരും ആദമിൽനിന്ന്, ആദമോ മണ്ണിൽനിന്നും. എന്നിങ്ങിനെ മാനവിക ഐക്യത്തിന്റെ മന്ത്രമോതിയ പ്രവാചകന്റെ മാതൃക പിൻപറ്റുന്നവർക്കെങ്ങനെയാണ് സങ്കുചിതത്വം ബാധിക്കുക.

സമൂഹത്തിനോടൊപ്പം ഒഴുകുന്നതിനിടയിൽ വിദ്യാർത്ഥി സമൂഹത്തിന് ലഭിച്ച തങ്ങൾക്കൊരിക്കലും ആവശ്യമില്ലാത്ത പ്രശ്നങ്ങളെ വലിച്ചെറിഞ്ഞ് സമൂഹത്തിൽ നിന്ന് വ്യത്യസ്തമായി, സദാചാര മൂല്യങ്ങൾ ഉൾക്കൊള്ളുന്ന മാനവിക ഐക്യത്തിന്റെ സന്ദേശവാഹകരാകാത്ത കാലത്തോളം പ്രശ്നങ്ങളുടെയും സംഘർഷത്തിന്റെയും കാലം അഭിമുഖീകരിക്കേണ്ടിവരും.

ഹനീഷ്.ഇ
രണ്ടാംവർഷBSc (Mat

# കാർഗിലിന്റെ അടിയൊഴുക്കുകൾ

കാർഗിലിൽ സംഘർഷം വ്യാപിക്കുമ്പോഴേക്കും കാമ്പസ്സും ഉണർന്നിരുന്നു. ക്ലാസ്സുമുറികളിൽ ദേശീയതയുടെ ചർച്ചകൾ ചൂടുപിടിച്ചു. നാടെങ്ങും ഐക്യദാർഢ്യറാലികൾ, ദൂരദർശനിൽ ദേശഭക്തിഗീതങ്ങൾ, വീരമൃത്യുവരിക്കുന്ന ജവാന്മാരുടെ അവ്യക്തമായ കണക്കുകൾ, പ്രശ്നത്തിൽ ഇടപെടാൻ അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വശക്തികളുടെ വ്യഗ്രത, കാർഗിൽ പ്രശ്നപരിഹാരത്തിന്റെ പിതൃത്വമവകാശപ്പെട്ട് കടിപിടികൂടുന്ന ഭരണനേതൃത്വങ്ങൾ.

## കാമ്പസും പ്രതികരിക്കുന്നു...!

കാർഗിലിൽ സംഘർഷം ഇത്രത്തോളം ഭീകരമാവാൻ കാരണം ഭരണനേതൃത്വത്തിന്റെ പിടിപ്പുകേടാണെന്ന് ഗണിതശാസ്ത്രവിദ്യാർത്ഥിയായ റാസിക് മുഹമ്മദിന്റെ അഭിപ്രായം. ഇത്രയധികം പേർ അതിർത്തി ലംഘിച്ച് കയറിയിട്ടും അതിനെപ്പറ്റി അറിയാതിരുന്ന അഥവാ അറി



യാൻ ശ്രമിക്കാതിരുന്ന ഭരണാധികാരികൾ ഇന്ത്യയെ എവിടെക്കൊണ്ടെത്തിക്കും എന്ന് റാസിക് ഭയപ്പെടുന്നു.

ബാബറിമസ്ജിദ് തകർത്തത് ഭരണത്തിലേയ്ക്കുള്ള ചവിട്ടുപടിയായി കണക്കാക്കിയവർ പാക് നുഴഞ്ഞുകയറ്റം നിസ്സാരമായെടു

ത്തതിന് കൊടുക്കേണ്ടിവന്ന വില കനത്തതാണെന്ന് മലയാള ബിരുദ വിദ്യാർത്ഥിനി അഞ്ജന പറയുന്നു. തങ്ങളുടേതായ രീതിയിൽ കാർഗിൽ സംഭവത്തിന് വഴിവെച്ചവരൊക്കെ ഇന്നും ഉണ്ടും ഉറങ്ങിയും നേരമ്പോ



**നുഴഞ്ഞുകയറ്റക്കാർക്ക് രഹസ്യമായെങ്കിലും പിന്തുണപ്രഖ്യാപിച്ച പാക്കിസ്ഥാൻ ലാഹോർ പ്രഖ്യാപനത്തിന്റെ നഗ്നമായ ലംഘനമാണം നടത്തിയത്**

ക്കായി രാഷ്ട്രീയം കളിച്ചും ദില്ലിയിലും വിദേശത്തും പറന്നുനടക്കുകയാണ്.

കാർഗിൽ സംഘർഷ സമയത്ത് ഇന്ത്യൻ ജനങ്ങൾ കാണിച്ച ഐക്യബോധം അഭിമാനപൂർവ്വം സ്മരിക്കപ്പെടുമെന്ന് രണ്ടാംവർഷ ഇംഗ്ലീഷ് വിദ്യാർത്ഥി മുദസ്സർ.

നുഴഞ്ഞുകയറ്റക്കാർക്ക് രഹസ്യമായെങ്കിലും പിന്തുണപ്രഖ്യാപിച്ച പാക്കിസ്ഥാൻ ലാഹോർ പ്രഖ്യാപനത്തിന്റെ നഗ്നമായ ലംഘനമാണം നടത്തിയതെന്ന് മാത്സ് വിദ്യാർത്ഥി വിനോയ് നല്ലൂർ. നുഴഞ്ഞുകയറ്റത്തെപ്പറ്റി ബി.എസ്.എഫ് നൽകിയ റിപ്പോർട്ടിന്മേൽ നടപടി എടുക്കുന്നതിൽ നമ്മുടെ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടുന്ന എന്ന് വിനോയ് വിലയിരുത്തുന്നു. സംഘർഷത്തിന്റെ ഓരോ ഘട്ടവും പ്രധാനമന്ത്രി ക്ലിന്റനെ അറിയിക്കുന്നതിലൂടെ നാം അമേരിക്കൻ കുത്തക മുതലാളിത്തത്തിന്റേ നീരാ

ളിപ്പിടുത്തത്തിലേക്ക് നീങ്ങുകയാണ് – എത്ര ശക്തമായ വിലയിരുത്തൽ...!

നൂറുകണക്കിന് ഇന്ത്യൻ ജവാന്മാരുടെ രക്തസാക്ഷിത്വത്തിന് ഈ ഗവർമെൻഡറ് കനത്ത വില നൽകേണ്ടിവരും. പറയുന്നത് പ്രശസ്ത കായികതാരവും സോഷ്യോളജി വിദ്യാർത്ഥിയുമായ ദിജു. കാർഗിലിലെ വിജയം ഇന്ത്യൻ സൈന്യത്തിന്റെ വിജയമാണെന്ന് ദിജു വിശ്വസിക്കുന്നു.

കാർഗിൽ സംഘർഷസമയത്ത് രാജ്യസഭാ സമ്മേളനം വിളിക്കാൻ തയ്യാറാവിതിരുന്ന ഗവർമെണ്ട് സ്വന്തം തെറ്റുകളെ മറച്ചുവെയ്ക്കാനുള്ള വ്യഗ്രതയിലായിരുന്നോ എന്ന് മൂന്നാം വർഷ മാത്സ് വിദ്യാർത്ഥി അബ്ദുൾ അസീസ് സംശയിക്കുന്നു.

ഫിസിക്സ് വിദ്യാർത്ഥിയായ രാജേഷ്.പി. കാർഗിൽ സംഭവത്തെ വസ്തുനിഷ്ഠമായി വിലയിരുത്താൻ ശ്രമിക്കുന്നു. അനാവശ്യമായ പൊക്രാൻ സ്ഫോടനത്തോടെ പ്രതിരോധ ചെലവുകൾ വർദ്ധിച്ചുവന്നു. ഇതിന്റെ ആഘാതം ഏറ്റവും കൂടുതലായുണ്ടായത് അതിർത്തി സുരക്ഷയുടെ കാര്യത്തിലാണ്. ഇന്തോ - പാക് അതിർത്തിയിലൂടെ സേന മാസത്തിലൊരിക്കൽ റോന്തടിക്കുമായിരുന്നു. ചെലവ് ചുരുക്കാൻ വേണ്ടി ഇത് മൂന്നുമാസത്തിൽ ഒരിക്കൽ എന്നാക്കി ചുരുക്കി. അതിർത്തിയിലൂടെ പാകിസ്ഥാന് നുഴഞ്ഞുകയറാൻ സുവർണ്ണാവസരമാണ് ഈ നടപടിയൊരുക്കിയത്. അതിനിടയ്ക്ക് ബി.എസ്.എഫ് നുഴഞ്ഞുകയറ്റത്തെപ്പറ്റി റിപ്പോർട്ട് ചെയ്തിരുന്നു. പൊക്രാൻ ആണവസ്ഫോടനത്തിനുശേഷം ദിവസേനയെന്നോണം പാക്കിസ്ഥാനെ വെല്ലുവിളിച്ചിരുന്ന അദ്വാനിയെന്തുകൊണ്ട് ബി.എസ്.എഫിന്റെ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചില്ല? രാജേഷിന്റെ ചോദ്യം ഇന്ത്യൻ ഗവർമെന്റിന്റെ നിസ്സംഗമനോഭാവത്തിലേക്ക് വെളിച്ചം വീശുന്നു...!

ചൈനയാണ് ഇന്ത്യയുടെ മുഖ്യശത്രു എന്ന് പ്രഖ്യാപിച്ചവർ അത്യാസന്നമായിരുന്ന ഈ ഘട്ടത്തിൽ പാക് നുഴഞ്ഞുകയറ്റത്തെപ്പറ്റി പ്രതികരിക്കാൻ പോലും തയ്യാറായില്ല എന്നത്, തന്നെ അമ്പരപ്പിക്കുന്നതായി മലയാള ബിരുദവിദ്യാർത്ഥി ഷമീർ പള്ളിക്കൽ പറയുന്നു. അതിർത്തി രക്ഷിക്കാനാവാത്തവർ നമ്മെ ഭരിക്കുന്നതിന്റെ നിരർത്ഥകതയെ ഷമീർ ചോദ്യം ചെയ്യുകയാണ്.

കാമ്പസിലെ ജാപ്പനീസ് വിദ്യാർത്ഥി റുഖിയ ഫുക്കുഡ രാജ്യരക്ഷയുടെ കാര്യത്തിൽ ഇന്ത്യൻ ഗവർമെന്റിന്റെ ഭാഗത്തുനിന്നു

ണ്ടായ നിസ്സംഗത മറ്റ് ഒരു രാജ്യത്തും ചിന്തിക്കാൻപോലും കഴിയാത്തതാണെന്ന് അഭിപ്രായപ്പെടുന്നു. ഈ നിഷ്ക്രിയത ഒരുപക്ഷേ അമേരിക്കൻ സാമ്രാജ്യത്വശക്തികളുടെ മുന്നിൽ നാം കീഴടങ്ങലിന്റെ പാത സ്വയം തെളിക്കാൻ കാരണമായേക്കാം എന്ന് റുഖിയ മുന്നറിയിപ്പ് നൽകുന്നു. കോടികൾ ചെലവഴിച്ച പൊക്രാൻ സ്ഫോടനത്തോടെ തന്നെ ഗവർമെന്റിന്റെ വിശ്വാസ്യത തകർന്നതായി 1945ൽ തന്റെ നാട്ടിൽ ആറ്റംബോംബ് വീണതിന്റെ ദുരന്തഫലങ്ങൾ സ്മരിച്ചുകൊണ്ട് ഈ ജാപ്പനീസ് വിദ്യാർത്ഥിപറയുന്നു.



ബിരുദവിദ്യാർത്ഥിനിയായ സോന മാത്യവിന്റെ പ്രതികരണം ശ്രദ്ധിക്കുക - തോന്നിവാസങ്ങൾ മാത്രം കാട്ടിക്കൂട്ടുന്ന ഒരു ലോകവും അതിനെ ഭരിക്കുന്ന ക്ലിന്റനും കൂട്ടരു?ം. അവരുടെ വെറുതെയെങ്കിലുമുള്ള ഒരു രസത്തിനായി സിയാച്ചിനും കാർഗിലും പിടയുന്ന കുറേ ഹൃദയങ്ങളും..... ഇന്ത്യയിലും പാക്കിസ്ഥാനിലും വർഗീയ പാർട്ടികൾ ഏറെയാണ്. ഇവയുടെ രക്തത്തിനുവേണ്ടിയുള്ള ആർത്തിയാണ് കാർഗിൽ!

കാർഗിലിൽ ഇന്ത്യൻ സൈന്യം നേടിയ വിജയം തങ്ങളുടേതാണെന്ന് ഇപ്പോൾ തങ്ങളുടെ രാഷ്ട്രീയപരമായ നിലനില്പിനുവേണ്ടി അട്ടഹസിക്കുന്ന ഭരണകക്ഷികൾ നുഴഞ്ഞുകയറ്റസമയത്ത് കാണിച്ച നിഷ്ക്രിയത്വം അതിഭീകരമായിരുന്നു എന്ന് ബി.എസ്.സി മാത്സ് വിദ്യാർത്ഥിനി ജുബൈരിയ. രാഷ്ട്രീയം മതവൽക്കരിക്കുന്നതോ മതം രാഷ്ട്രീയവൽക്കരിക്കുന്നതോ ആയിരിക്കാം അവരുടെ നിസ്സംഗതയ്ക്കു പിന്നിൽ എന്ന് ജുബൈരിയ വിശ്വസിക്കുന്നു.

**കാർഗിലിൽ ഇന്ത്യൻ സൈന്യം നേടിയ വിജയം തങ്ങളുടേതാണെന്ന് ഇപ്പോൾ തങ്ങളുടെ രാഷ്ട്രീയപരമായ നിലനില്പിനുവേണ്ടി അട്ടഹസിക്കുന്ന ഭരണകക്ഷികൾ നുഴഞ്ഞുകയറ്റ സമയത്ത് കാണിച്ച നിഷ്ക്രിയത്വം അതിഭീകരമായിരുന്നു**

ഇന്ത്യയിലേയും പാക്കിസ്ഥാനിലെയും സാധാരണ ജനങ്ങൾ സമാധാനവും ദൃഢവുമായ അയൽബന്ധം ആഗ്രഹിക്കുന്നവരാണെന്ന് ഫിസിക്സ് വിദ്യാർത്ഥി അബ്ദുള്ളാ റഷീം പറയുന്നു. സിംലാ - ലാഹോർ കരാറുകളുടെ പ്രസക്തി വർദ്ധിക്കുകയാണ്. ഭിന്നതകൾ പരിഹരിക്കേണ്ടത് ഉഭയകക്ഷി ചർച്ചകളിലൂടെയാണ്. അമേരിക്കൻ സമ്മർദ്ദത്തിന് ഗവർമെന്റ് കീഴ്പ്പെടരുതെന്ന് റഷീം അഭിപ്രായപ്പെടുന്നു.


യാസിർഹമീദ് കാർഗിൽ രക്തസാക്ഷികളെ അഭിവാദ്യം ചെയ്യാനാഗ്രഹിക്കുന്നു. പക്ഷെ, സംഘർഷം ഇത്രയും വഷളാക്കാൻ കാരണം ഇന്ത്യൻ ഗവർമെന്റാണെന്ന് അദ്ദേഹം കരുതുന്നു. ലാഹോർ ബസ് യാത്രയ്ക്കും പ്രഖ്യാപനത്തിനും ശേഷം ആലസ്യത്തിലായ സർക്കാർ ഞെട്ടിയുണർന്നത് കാർഗിലിൽ അടി കിട്ടിയപ്പോഴാണ്. ഈ വ്യക്തമായ അവഗണനമൂലം കാർഗിൽ തിരിച്ചുപിടിക്കാൻ നൂറുകണക്കിന് ജവാന്മാർ രക്തസാക്ഷികളാവേണ്ടിവന്നു. കാർഗിലിൽനിന്ന് പാകിസ്ഥാനെ ഒഴിപ്പിച്ചുവെന്നത് വൻ വിജയമായി ഗവർമെന്റ് കൊണ്ടാടുന്നത് വിഡ്ഢിത്തമാണ്. നൂറുകണക്കിന് ഭടന്മാരുടെ ജീവൻ ബലി കൊടുത്ത് സ്വന്തം മണ്ണ് വീണ്ടെടുത്തത് വൻ നേട്ടമാണെന്നാണ് ഗവർമെന്റ് പറയുന്നത്. രണ്ടു മാസത്തോളം സ്വന്തം ഭൂമിയിൽ ബോംബ് വർഷിക്കേണ്ട ഗതികേട് മറ്റൊരു രാജ്യത്തിനും ഉണ്ടായിട്ടുണ്ടാവില്ല എന്ന് യാസിർ ചിന്തിക്കുന്നു. രാജ്യരക്ഷയ്ക്ക് എതിരെപോലുമുള്ള ഈ നിഷ്ക്രിയതയ്ക്കെതിരെ മതേതരശക്തികളുടെ കൂട്ടായ്മയിലേക്ക് വിരൽചൂണ്ടുകയാണ് യാസിർഹമീദ്!

നോക്കുക, കാർഗിലിനെപറ്റി നമ്മുടെ കൗമാരത്തിന്റെ ചിന്തകൾ... വ്യക്തം, സുദൃഢം! കാർഗിൽ സംഘർഷത്തിന് കാരണക്കാർ നമ്മുടെ തന്നെ ഭരണാധിപന്മാരാണെന്ന് അവർ സ്ഥിതിവിവരക്കണക്കുകൾ നിരത്തി ആണയിടുമ്പോൾ നമുക്ക് അത് വിശ്വസിക്കേണ്ടിയിരിക്കുന്നു!

അതെ, കാമ്പസ്സ് ഗർജ്ജിക്കുന്നു! ഭരണാധികാരികളുടെ നിസ്സംഗതയ്ക്കെതിരെ.

□

# വടവൃക്ഷത്തിനപ്പുറവും ഇപ്പുറവും



പരിമിതികളുടെയും പരിവട്ടത്തിന്റെയും ദീനരോദനങ്ങളെ കുഴിവെട്ടി മൂടി അത്മവിശ്വാസത്തിന്റെ രഥമേറി ഒരു കൂട്ടം സമുദായ സ്നേഹികൾ മുമ്പോട്ടു ശമിച്ചപ്പോൾ.....

നിഗൂഢതയുടെ, അന്ധകാരത്തിന്റെ, ഭയപ്പാടിന്റെ താവളമായിരുന്ന ഇരുമൂളിപ്പറമ്പ് വെളിച്ചത്തിന്റെ, വിദ്യയുടെ, ധീരതയുടെ ഒരു മഹാഗോപുരമായ് മാറി. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ റസിഡൻഷ്യൽ പോസ്റ്റു ഗ്രാജ്വേറ്റ് സെന്ററായി ഉയർന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു വരുന്ന വിദ്യാർഥി സഞ്ചയത്തിന് കുടണിയാൻ ഒരു മഹാവടവൃക്ഷമായി മാറി.

ഇന്ന് കോളേജിൽ സീറ്റുകൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ പലരും തന്നോടു പിണങ്ങുന്നു എന്നാണ് കോളേജ് മാനേജർ കെ.വി. കുഞ്ഞഹമ്മദ്കോയയുടെ പരിവേദനം. മൊത്തം സീറ്റിന്റെ 20% മാത്രമാണ് മാനേജ്മെന്റ് ക്വാട്ടയെന്നും, അതിൽ പലവിധ കമ്മിറ്റ്മെന്റ്സും കഴിഞ്ഞ് മാനേജരെന്ന നിലയിൽ തനിക്ക് ശുപാർശ ചെയ്യാൻ പറ്റുന്നത് കേവലം മൂന്നോ നാലോ സീറ്റുകൾ മാത്രമാണെന്നുള്ളത് പലരും മനസ്സിലാക്കുന്നില്ല എന്നദ്ദേഹം പരാതിപ്പെടുന്നു.

അമ്പതുവർഷം പിന്നിട്ട ഫാറൂഖ് കോളേജിനെ അതിനുചുറ്റും ജീവിച്ചുകൊണ്ടിരിക്കുന്നവർ എങ്ങനെ നോക്കി കാണുന്നു എന്നതായിരുന്നു ഞങ്ങളുടെ അന്വേഷണം.

**മാമുക്കോയഹാജി**

വിജന ഭീകരമായ ഒരു കുന്നിൻപുറവും അവിടെ ബോരക്ക് കണക്കെ ഒറ്റപ്പെട്ടു നിൽക്കുന്ന ഒരുനില കെട്ടിവും.... അതാണ് ഫാറൂഖ്കോളേജിനെക്കുറിച്ചോർക്കുമ്പോൾ ഡോ. എൻ.എ. കരീമിന്റെ ഓർമ്മയിൽ തെളിയുന്നത്. കോളേജിന്റെ ആദ്യ ബി.എ. ബാച്ചിൽ രണ്ടാംവർഷം വന്നു ചേരുമ്പോൾ കോളേജ് പ്രവർത്തിച്ചിരുന്നത് ഒരു 'ഭാർഗ്ഗവീനിലയ'ത്തിലായിരുന്നെന്നും, തങ്ങളുടെ താമസം ഫറോക്ക് പേട്ടയിലെ കടകളുടെ മുറികളിൽ കട്ടിലും കസേരയും വൈദ്യുതിയുമൊന്നുമില്ലാതെ കഴിഞ്ഞ ആ കാലങ്ങളെക്കുറിച്ച് അദ്ദേഹത്തിന് തെല്ലും പരാതികളില്ല.


'48ൽ സ്കൂൾ ഫൈനൽ പാസായി അയൽവാസികളായ അബ്ദുറസാഖിനും അബ്ദുറഹ്മാനുമൊപ്പം കോളേജിൽ അപേക്ഷ കൊടുക്കാനെത്തിയ പില്ക്കാലത്ത്

ഫാറൂഖ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയി വിരമിച്ച പി.എ. ലത്തീഫ് ഇന്നും ഓർക്കുന്നു: ഫറോക്ക് ചുങ്കത്തിനടുത്തുള്ള മൂന്നിലകം വീട്ടിലായിരുന്നു തൽക്കാലം കോളേജ് തുടങ്ങിയത്. മൂന്നിലകം വീട്ടിലായിരുന്നു തൽക്കാല കോളേജ് തുടങ്ങിയത്. മൂന്നിലകം വീട്ടിലെ ചെറിയ മുറിയിൽ ആദ്യത്തെ ക്ലാർക്ക് സി.പി.എം. മൊയ്തീൻകോയ ഇരിക്കുന്നു. ആദ്യമായി മൂന്നു വിദ്യാർത്ഥികളെ ഒരുമിച്ചു കണ്ട സന്തോഷം ആ മുഖത്ത് കാണാമായിരുന്നു.



ഒരു മഹാസ്വപ്നത്തിനു വിത്തുപാകി....

കോളേജ് പ്രിൻസിപ്പൽ ഷാ സാഹിബ് ഒരു ദിവസം രാവിലെ എന്റെ വീട്ടിൽ വന്നു. കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം സ്കൂൾ മാനേജർ പി.എം. ഹസ്സൻകോയ ഹാജി ഓർക്കുന്നു. എസ്എസ്എൽസി പാസ്സായി ഇരിക്കുന്ന എന്റെ മകൻ എൻ.എം. അബൂബക്കർ കോയയെ കോളേജിലേക്കയക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം.

ഫാറൂഖ് കോളേജ് അറബിക് വിഭാഗം തലവനായി വിരമിച്ച പ്രൊഫ. എം. മൊയ്തീൻകുട്ടി ഒളിച്ചോട്ടത്തിന്റെ കഥ പറയുന്നു. സമുദായം ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് ജിഹാദിലായിരുന്നു കാലം. 'വഹാബികളും' മതഭ്രഷ്ടരും വസിക്കുന്ന കേന്ദ്രത്തിൽ കുട്ടികളുടെ ഈമാൻ നില നിർത്താൻ കഴിയില്ല എന്നു ആലിമിങ്ങൾ കരുതിയ കാലം...... ഫാറൂഖിൽ ചേർന്നു പഠിക്കാനുള്ള അഭിലാഷങ്ങൾക്കു മുമ്പിൽ പ്രശ്നങ്ങൾ വഴിമുട്ടി നിൽക്കെ. ഉപ്പ ഹജ്ജിനുപോയ തക്കംനോക്കി ജ്യേഷ്ഠന്റേയും ചില ഗുണകാംക്ഷികളുടേയും ഒത്താശയോടെ...... റൗളത്തുൽ ഉലൂമിലെത്തി......


വിജനതക്ക് വിടനൽകി
വിജ്ഞാനകേന്ദ്രമുയർന്നു...

ഫാറൂഖ് കോളേജിനടുത്ത പ്രദേശമായ അണ്ടിക്കാടൻകുഴിയിൽ താമസിക്കുന്ന വയോധികനായ മാമുക്കോയഹാജി നമ്മുടെ കോളേജുമായി അടുത്ത ബന്ധമുള്ള ആളാണ്. ഈ പ്രദേശത്ത് ജനിച്ചുവളർന്ന അദ്ദേഹം കോളേജിന്റെ ഒരു അഭ്യുദയകാംക്ഷി കൂടിയാണ് അദ്ദേഹം ആദ്യകാലത്ത് കോളേജിനടുത്ത് ഒരു ഹോട്ടൽ കച്ചവടം നടത്തിയിരുന്നു. ഇപ്പോൾ അറുപത്തിഏഴുകാരനായ അദ്ദേഹത്തിന് ഒമ്പത് മക്കളുണ്ട്. രണ്ടുപേരുടെ വിദ്യാഭ്യാസം ഫാറൂക്ക് കോളേജിലായിരുന്നു.


യുഗസന്ധ്യയിൽ യുവത്വമായി വളർന്നു....

പണ്ടത്തെ കലാലയങ്ങളിൽവെച്ച് ഏറെ മികവ് പുലർത്തിയിരുന്ന ഫാറൂഖ്കോളേജിന് ഇന്നും ആ നില തുടരാൻ സാധിക്കുന്നുണ്ടെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ദൂരദേശങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെ വിദ്യ അഭ്യസിക്കാൻ എത്തിയിരുന്നു. ഒരു കുന്നിൻപ്രദേശമായിരുന്ന ഇവിടെ കോളേജ് വന്നതിനു ശേഷം പല മാറ്റങ്ങളുമുണ്ടായിട്ടുണ്ട്. ജനവാസമില്ലാതിരുന്ന ഈ പ്രദേശത്ത് ജനങ്ങൾ വന്നു തുടങ്ങി, റോഡുകൾ വികസിച്ചു, ഗതാഗതം ആരംഭിച്ചു, കച്ചവടസ്ഥാപനങ്ങൾ തുടങ്ങി അനേകം വികസനങ്ങൾ സംഭവിച്ചു.

ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന അച്ചടക്കം ഇന്നും കോളേജ് നിലനിർത്തിപോരുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പണ്ടുള്ള വിദ്യാർത്ഥികളും ഇപ്പോഴുള്ള വിദ്യാർത്ഥികളും തമ്മിൽ അച്ചടക്കത്തിന്റെ കാര്യത്തിൽ കാര്യമായ അന്തരമില്ലെങ്കിലും ജീവിതരീതിയിൽ വളരെ വ്യത്യാസമുണ്ട്. ഇന്നത്തെ വിദ്യാർത്ഥികൾ വേഷവിധാനത്തിലും മറ്റും കൂടുതൽ മോഡേൺ ആണ്. ഇപ്പോഴത്തെ വിദ്യാർത്ഥികൾ ബന്ധ

ങ്ങൾക്ക് വിലകല്പിക്കുന്നില്ല. കോളേജിന്റെ പുരോഗതിക്ക് മാർക്കടിസ്ഥാനത്തിലുള്ള പ്രവേശനം നിർബന്ധമാക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കോളേജ് വന്നതുകൊണ്ട് നാട്ടുകാർക്ക് വളരെ ഉപകാരമുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

### ആയിഷാബി

ഇരുപത്തൊന്ന് വർഷമായി ഫാറൂഖ് കോളേജിന് സമീപത്ത് താമസിക്കുന്ന ആയിഷാബിയ്ക്ക് ഈ കലാലയമായി നേരിട്ട് ബന്ധമൊന്നുമില്ല. ഇവർക്ക് കോളേജിന്റെ പഠനത്തെക്കുറിച്ച് നല്ല അഭിപ്രായമാണ്. കോളേജ് കൊണ്ട് കാര്യമായ നേട്ടമൊന്നും ഉണ്ടായിട്ടില്ലെന്ന് ഇവർ പറയുന്നു. നാട്ടുകാരായ വിദ്യാർത്ഥികൾക്ക് അഡ്മിഷന് യാതൊരു മുൻഗണനയും കൊടുക്കാത്തതിൽ ഇവർക്ക് അമർഷമുണ്ട്. ഈ കോളേജിലെ വിദ്യാർത്ഥികളെകൊണ്ട് തങ്ങൾക്ക് യാതൊരു ഉപദ്രവുമില്ലെന്ന് ഇവർ കൂട്ടിച്ചേർത്തു.

ഫാറൂഖ്കോളേജിനടുത്ത് താമസിക്കുന്ന മുപ്പത്തിയാറുകാരനായ ഹമീദ് ഈ പ്രദേശത്ത് തന്നെയാണ് ജനിച്ച് വളർന്നത്. കോളേജിന്റെ പഠനനിലവാരത്തിലും അച്ചടക്കത്തിലും ഇദ്ദേഹത്തിന് നല്ല മതിപ്പാണ് ഉള്ളത്. അഡ്മിഷന്റെ കാര്യത്തിൽ നാട്ടുകാർക്ക് യാതൊരു മുൻഗണനയും കൊടുക്കുന്നില്ല എന്നാണ് പൊതുവെ പറയപ്പെടുന്നതെങ്കിലും തന്റെ അനുഭവം നേരെ മറിച്ചാണ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. നാട്ടുകാർ സഹകരിച്ചുണ്ടാക്കിയ കോളേജ് ആയിട്ടും ഇവിടെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ഒട്ടും ഇല്ല എന്ന അഭിപ്രായത്തെ അദ്ദേഹം അനുകൂലിക്കുന്നു.

വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും യാതൊരു ശല്യവും നാട്ടുകാർക്ക് അനുഭവപ്പെട്ടിട്ടില്ല. ചാലിയാർ സമരത്തിൽ നാട്ടുകാരുടെ കൂടെ കോളേജിലെ എല്ലാ വിദ്യാർത്ഥി സംഘടനകളും മുൻപന്തിയിലുണ്ടായിരുന്നു.

കോളേജ് മാനേജ്മെന്റ് നാട്ടുകാർക്ക് യാതൊരു ഉപദ്രവവുമുണ്ടാവാതിരിക്കാൻ ശ്രമിക്കുന്നുണ്ടെന്ന് ഇദ്ദേഹം പറയുന്നു.

ഏതാനു വർഷങ്ങൾക്കുമുമ്പ് കാമ്പസിനകത്തുകൂടെ നാട്ടുകാർ വഴി നടക്കുന്നതിനെചൊല്ലിയുണ്ടായ കോലാഹലങ്ങളെ അദ്ദേഹം സ്മരിച്ചു. ക്യാമ്പസിനകത്തുകൂടെ നാട്ടുകാർ വഴി നടക്കുകയാണെങ്കിൽ കോളേജിന് അത് വലിയ ബുദ്ധിമുട്ട് തന്നെയാണ്. പരീക്ഷാസമയങ്ങളിൽ പോലും ചിലർ വലിയ ബഹളങ്ങളുണ്ടാക്കിക്കൊണ്ടാണ് ഈ വഴിയേ പോകുന്നത്. ഇത് അവസാനിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ കോളേജ് ചില വിട്ടുവീഴ്ചകൾക്ക് തയ്യാറായേ തീരൂ എന്നാണ് ഹമീദിന്റെ അഭിപ്രായം. കോളേജ് ജൂബിലി ഹെൽത്ത് സെന്ററിനടുത്ത് ഒരു ബസ് തിരിക്കാനാവശ്യമായ സ്ഥലം കൊടുക്കുകയും ഫാറൂഖ് കോളേജ് വരെ വരുന്ന ബസുകൾ ഹെൽത്ത് സെന്റർ വരെ റൂട്ട് നീട്ടുകയും ചെയ്താൽ ഈ പ്രശ്നം മുഴുവനായും പരിഹരിക്കാമെന്ന പക്ഷക്കാരനാണ് ഇദ്ദേഹം. അല്ലാത്തപക്ഷം അണ്ടിക്കാടൻ കുഴി തുടങ്ങിയ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് ബസിൽ കയറുവാൻ കൂടുതൽ ദൂരം നടക്കേണ്ടിവരും.

ഈ പ്രശ്നത്തിൽ കോളേജ് ഉചിതമായ നടപടികളെടുക്കണമെന്നാണ് തന്റെ അഭിപ്രായം – അദ്ദേഹം കൂട്ടിച്ചേർത്തു.

### ജാനുഅമ്മ

ചാലിയാറിന്റെ ഭാഗത്തു താമസിക്കുന്ന എഴുപത്തിഎട്ടുകാരിയായ ജാനുഅമ്മയ്ക്ക് കോളേജുമായി പറയത്തക്ക അടുപ്പമൊന്നുമില്ല. ഇവർ പറയുന്നത് കോളേജ് വന്നതുകൊണ്ട് തങ്ങൾക്ക് യാതൊരു നേട്ടവും ഉണ്ടായിട്ടില്ല എന്നാണ്. ആ ഭാഗത്തുനിന്നും വിരലിലെണ്ണാവുന്ന കുട്ടികളേ ഇവിടെ പഠിക്കുന്നുള്ളൂ എന്ന് ഇവർ പറയുന്നു.

### ബാവാക്ക

ഫാറൂഖ്കോളേജിനടുത്ത് താമസിക്കുന്ന ബാവാക്ക എന്ന അറുപതുകാരൻ കോളേജിന്റെ ഒരഭ്യുദയകാംക്ഷിയാണ്. കോളേജുകൊണ്ട് നാട്ടുകാരായ ഒരുപാടുപേർക്ക് ഗുണമുണ്ടായിട്ടുണ്ടെന്ന് ഇദ്ദേഹം അഭിപ്രായപ്പെടുന്നു.

### മാധവക്കുറുപ്പ്

കോളേജ് ലൈബ്രറിക്ക് വേണ്ടി ജോലി ചെയ്തിട്ടുള്ള വ്യക്തിയാണ് മാധവക്കുറുപ്പ്. അദ്ദേഹത്തിന് പറയാനുള്ളത് കോളേജ് നിന്നിരുന്ന സ്ഥലം പണ്ട് ഒരു നാടുവാഴിയുടേതാണ് എന്നാണ്. കൊള്ളയും കൊലയും നടന്നിട്ടുള്ള സ്ഥലമാണിതെന്ന് പറയപ്പെടുന്നു എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

അന്നും ഇന്നും കുട്ടികളെ കാണുകയും അറിയുകയും ചെയ്യുന്ന മാധവക്കുറുപ്പിന് ഏതുകാലത്തേയും ഫാറൂഖ് കോളേജിലെ കുട്ടികൾ പുറത്തുള്ളവരോട് നല്ല രീതിയിലാണ് പെരുമാറിയിരുന്നതെന്നാണ് പറയാനുള്ളത്. പക്ഷെ, മുമ്പൊക്കെ ഇലക്ഷൻ സമയത്ത് അടിയുണ്ടാകാറുണ്ടെങ്കിലും ഇപ്പോൾ താരതമ്യേന കുറവാണ് എന്നാണ് അദ്ദേഹം പറയുന്നത്. കുട്ടികൾക്ക് രാഷ്ട്രീയം വേണമെങ്കിലും അക്രമ രാഷ്ട്രീയത്തെ പാടെ വെറുപ്പോടെയാണ് ഇദ്ദേഹം കാണുന്നത്.

കോളേജ് വന്നതുമൂലമാണ് കൂടുതൽ പുരോഗതി ഈ നാടിന് ഉണ്ടായതെന്നും ഇനിയും കോളേജിന്റെ പുരോഗതിയാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും പറയുന്ന ഇദ്ദേഹത്തിന്റെ വിഷമം നാട്ടുകാർക്ക് കോളേജിൽ സീറ്റ് ലഭിക്കുന്നതിൽ ഒരു മുൻഗണനയും ഇല്ല എന്നതാണ്.

### സി.പി. അഹമ്മദ്ഹാജി

സി.പി. അഹമ്മദ്ഹാജി ജനിച്ചതും വളർന്നതും ഇപ്പോൾ താമസിക്കുന്നതും കോളേജിനടുത്ത് തന്നെയാണ്. ഇപ്പോൾ ഏറെ വയസ്സായതുകൊണ്ട് പഴയകാര്യങ്ങൾ പലതും മറന്നുവെങ്കിലും തന്റെ ഒരിക്കലും മറക്കാത്ത ചില അനുഭവങ്ങളിലേക്ക് വിരൽ ചൂണ്ടുകയാണ് അദ്ദേഹം.

പശുക്കളും മറ്റും മേഞ്ഞ് നടന്ന ഒരു സ്ഥലമായിരുന്നു ഇന്ന് ഫാറൂഖ്കോളേജ് തലയുയർത്തി നിൽക്കുന്ന സ്ഥലം. പലർക്കും ഒറ്റക്ക് പോകാൻ പേടിയുള്ള സ്ഥലം. താനൊരിക്കൽ രാത്രി ഈ വഴി വരുമ്പോൾ പെട്ടെന്ന് മുന്നിൽ ഒരു വലിയ വെളിച്ചം കത്തുന്നതായും പെട്ടെന്ന് അപ്രത്യക്ഷമാകുന്നതായും അദ്ദേഹത്തിന് തോന്നി. പണ്ട് ഈ സ്ഥലത്ത് പലരെയും കാണാതായിട്ടുണ്ടെന്ന് അദ്ദേഹം ഓർക്കുന്നു.

എന്നാൽ കോളേജ് കൊണ്ട് തങ്ങൾക്ക് ഉപകാരമല്ലാതെ ഒരു ഉപ

ദ്രവവും ഉണ്ടായിട്ടില്ല എന്നാണ് ഹാജിക്ക് സന്തോഷപൂർവ്വം പറയാനുള്ളത്. ആദ്യമൊക്കെ കടകളില്ലായിരുന്നു. ബുധനാഴ്ച ഫറോക്കിലെ ചന്തയിൽ പോകാറാണ് പതിവ്. ഇന്ന് ആ സ്ഥാനത്ത് വികസനത്തിന്റേയും സംസ്കാരത്തിന്റെയും കാര്യത്തിൽ ഫാറൂഖ് കോളേജ് വളരെയധികം മുന്നിലാണ്. ആദ്യം മൂന്ന് വീടുണ്ടായിരുന്ന ഈ സ്ഥലത്തിപ്പൊ ആയിരക്കണക്കിന് വീടുകൾ വന്നു എന്ന കാര്യവും വിസ്മരിക്കാനാവില്ല എന്നദ്ദേഹം കൂട്ടിച്ചേർത്തു.

## കാസിം വാടാനപ്പള്ളി

പ്രശസ്തനായ അദ്ധ്യാപകനും നാടകകൃത്തുമായ കാസിം വാടാനപ്പള്ളിയുടെ ഫാറൂഖ്കോളേജ് ഹൈസ്കൂളിലെ അധ്യാപനവൃത്തിയെക്കുറിച്ചും, കോളേജിന്റെ പൊതുവായ ചുറ്റുപാടുകളെക്കുറിച്ചും അന്നും, ഇന്നും ഉണ്ടായ മാറ്റങ്ങളെക്കുറിച്ച് പറയുന്നു.

1958-ൽ ഫാറൂഖ്കോളേജിലെ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച കാസിംസാറിന് അക്കാലത്തെയും ഇക്കാലത്തെയും സംഭവവികാസങ്ങളിൽ വിദ്യാഭ്യാസരംഗത്തും കോളേജിന്റെ ആ കാലം മുതൽക്കുള്ള പുനർ നവീകരണങ്ങളിലും വ്യത്യസ്തത അനുഭവപ്പെടുന്നുണ്ട്.

ഈ കാലത്ത് ജനങ്ങൾ തിങ്ങി നിറഞ്ഞു ജീവിക്കുന്ന ഫാറൂഖ്കോളേജ് എന്നറിയപ്പെടുന്ന ഈ സ്ഥലം പണ്ട് വിജനമായ ഒരു ഭൂപ്രദേശമായിരുന്നു. അക്കാലത്ത് അവിടങ്ങളിൽ ഉണ്ടായിരുന്ന ഒരു പറ്റം ന്യൂനപക്ഷനിവാസികൾ തന്നെ കോളേജുമായി ഒരു ബന്ധവും ഇല്ലാത്തവരായിരുന്നു. ഇതിന്ന് കാരണം ജനങ്ങളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും കോളേജിനോടുള്ള ഒരന്യമായ സ്വഭാവവുമായിരുന്നു. ഇക്കാലങ്ങളിൽ കോളേജിന്റെ അയൽപ്രദേശങ്ങളിലെ തന്നെ വളരെ കുറച്ച് ആളുകളെ കോളേജിൽ വിദ്യ അഭ്യസിക്കാൻ എത്തിയിരുന്നുള്ളു. ഇക്കാലങ്ങളിൽ മുസ്ലീം സ്ഥാപനമായ ഈ കോളേജിനോട് ആ വിഭാഗത്തിനു തന്നെ വിമുഖതയുണ്ടായിരുന്നു. ഇതിനെല്ലാം പുറമെ സാധാരണക്കാർക്ക് കോളേജുമായി ബന്ധപ്പെടാൻ സാധിച്ചിരുന്നുള്ളൂ.

ആ കാലത്തെ അധ്യാപകരെല്ലാതന്നെ കലാസാഹിത്യരംഗങ്ങളിൽ പ്രമുഖരായിരുന്നു. A.P.P.നമ്പൂതിരി, M.മുഹമ്മദ്, ബാബുപോൾ, ഷുക്കൂർ, വി. മുഹമ്മദ്, N.K.M. മേനോൻ, നമ്പീശൻ (ഗ്രാമീണൻ) തുടങ്ങി അധ്യാപകർ അനുഗ്രഹീതരായ കലാസാഹിത്യപ്രവർത്തകരായിരുന്നു.

ശ്രീ കാസിംസാർ പ്രമുഖരായ പല വ്യക്തികളുമായും – അധ്യാപകർ – ബന്ധപ്പെട്ടത് കോളേജിൽ വെച്ചായിരുന്നു. ശ്രീ. എ.പി.പി. നമ്പൂതിരിയുമായി ഒരു നല്ല ബന്ധമായിരുന്നു കാസിം സാറിന്.

ഇദ്ദേഹത്തിന് ഏറ്റവും സന്തോഷം നൽകുന്ന ഒരു സംഭവം ജി. ശങ്കരക്കുറുപ്പ് താൻ ക്ലാസ്സെടുത്തുകൊണ്ടിരിക്കുന്ന ക്ലാസ്സ് റൂമിലേക്ക് വരുകയും കുട്ടികളുമായി പരിചയപ്പെടുകയും ചെയ്തു. ഭാഗ്യവശാൽ കാസിം സാർ 'ജി'യുടെ കവിത പഠിപ്പിച്ചുകൊണ്ടിരുന്ന സന്ദർഭമായിരുന്നു അത്. ഈ ഒരു സംഭവം കോളേജ് അധ്യാപനവൃത്തിയിലെ ഒരു അവിസ്മരണീയ സംഭവമായി വാടാനപ്പള്ളി സാർ കാണുന്നു.

അധ്യാപകരും വിദ്യാർത്ഥികളും വളരെ നല്ല ഒരു സുഹൃദ്ബന്ധമായിരുന്നു എങ്കിലും അക്കാലത്ത് വിദ്യാർത്ഥികളിൽ ഒരു വിഭാഗം കുസൃതികളായ വിദ്യാർത്ഥികളും ഉണ്ടായിരുന്നു. എങ്കിലും ഇപ്പോഴുള്ളതുപോലെ ക്രൂരമായ വികൃതികൾ അക്കാലത്ത് ഉണ്ടായിരുന്നില്ല. അക്കാലങ്ങളിൽ വിദ്യ അഭ്യസിക്കാൻ എത്തുന്നവർ വിദ്യയോട് ആഭിമുഖ്യമുണ്ടായിരുന്ന ഒരു ന്യൂനപക്ഷമായിരുന്നു. എന്നാൽ ഇക്കാലത്ത് അഭിരുചിയല്ല മറിച്ച് ആവശ്യകതയാണ് വിദ്യാഭ്യാസത്തിനു പിന്നിൽ.

ഇക്കാലത്തുള്ള കോളേജ് ഡേയിൽനിന്ന് വ്യത്യസ്തമായ ഒരു സംഭവമായിരുന്നു അക്കാലത്ത് ഈ പരിപാടിക്ക് കോളേജിൽ. ഇക്കാലത്ത് വ്യത്യസ്തമായി നാടകങ്ങൾ അവതരിപ്പിക്കുന്നതും അതിന് പിന്നണി നല്കിയിരുന്നതും കോളേജിലെ കലാകാരന്മാർ ആയിരുന്നു. ഇക്കാലത്ത്നിന്ന് വ്യത്യസ്തമായി കോളേജ്ഡേ എന്ന പരിപാടിയിൽ പൊതുജനങ്ങൾ വളരെയധികം സഹകരിച്ചിരുന്നു. അവർ കലാകാരന്മാരെ പ്രോത്സാഹിപ്പിച്ചിരുന്നു.

എന്നാൽ സാമൂഹ്യമാറ്റങ്ങൾക്കനുസൃതമായി ജീവിതമൂല്യങ്ങൾക്ക് പ്രാധാന്യം നല്കി, മത്സരബുദ്ധിയോടെ എല്ലാ മേഖലയിലും വിജയിക്കുക എന്ന ലക്ഷ്യമാണ് എല്ലാവർക്കും ഇത് വിദ്യാഭ്യാസമേഖലയെയും സാരമായി ബാധിച്ചു.

ഇന്ന് കേരളത്തിൽ പ്രശസ്തരായ പല രാഷ്ട്രീയ സാമൂഹിക, കലാസാഹിത്യമേഖലകളിൽ ജ്വലിച്ചു നിൽക്കുന്നവർ ഈ കലാലയത്തിലെ പൂർവ്വകാല വിദ്യാർത്ഥികളാണ്.

## പി. കുഞ്ഞഹമ്മദ്

മുപ്പത് വർഷങ്ങൾക്കുമുമ്പ് കോട്ടക്കലിൽനിന്നും കുടിയേറിപ്പാർത്ത റിട്ടയേർഡ് തഹസിൽദാർ കുഞ്ഞഹമ്മദ് സാഹിബിന് പറയാനുള്ളത് തികച്ചും വ്യത്യസ്തമായ കാര്യങ്ങൾ ആയിരുന്നു. അദ്ദേഹത്തിന്റെ ഇങ്ങോട്ടുള്ള വരവിന്റെ പ്രധാനലക്ഷ്യം കുട്ടികളുടെ ഉന്നത വിദ്യാഭ്യാസമായിരുന്നു. ഒരു തരത്തിലും ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്നിട്ടില്ല. അച്ചടക്കത്തിന്റെ കാര്യത്തിൽ വളരെ മുൻപന്തിയിൽ നില്ക്കുന്ന കോളേജാണ് ഫാറൂഖ് കോളേജ്. തന്റെ മകൻ അഹമ്മദ് ബഷീർ ഇവിടെ പഠിച്ച് ഇവിടെതന്നെ അദ്ധ്യാപകനായി. പഠനസൗകര്യം അധികമൊന്നും ലഭിക്കാത്ത വ്യക്തിയാണ് അദ്ദേഹം. പക്ഷെ, ഈ അന്തരീക്ഷം വളരെയധികം ഇഷ്ടമായതുകൊണ്ടാണ് ഇവിടെ സ്ഥിരതാമസം ആരംഭിച്ചത്. നല്ല സംസ്കാരമുള്ള ആളുകൾ അദ്ദേഹത്തെ കൂടുതൽ ആകർഷിച്ചു.

ഇനിയും ഈ കാമ്പസിന് വരേണ്ട മാറ്റങ്ങളെക്കുറിച്ച് ചോദിച്ചപ്പോൾ യൂണിവേഴ്സിറ്റി സ്റ്റാൻഡേർഡിൽ കോളേജ് വളരണം എന്നാണ് അദ്ദേഹത്തിന്റെ മറുപടി. അറിവ് നേടുക എന്ന ലക്ഷ്യവുമായി ഇന്ന് കോളേജിലേക്ക് വരുന്ന കുട്ടികളുടെ എണ്ണം വളരെ ചുരുക്കമാണ്. എല്ലാ രംഗങ്ങളിലും ഇന്ന് മത്സരമാണ്. പക്ഷേ ലക്ഷ്യബോധമില്ലാതെയാണ് ഇന്ന് പ്രവർത്തിക്കുന്നത്. 75 വയസ്സായ അദ്ദേഹത്തിന്റെ കഴിഞ്ഞകാലം വളരെയധികം സന്തോഷം നൽകുന്നതാണ്. അതിൽ ഫാറൂഖ്കോളേജിന്റെ പങ്ക് പ്രശംസനീയമാണ്. അദ്ദേഹത്തിന് ഈ സ്ഥാപനം വളരെയധികം ആകർഷണീയമായി തോന്നിയിട്ടുണ്ട്. കുട്ടികൾ ഈ സ്ഥാപനത്തോട് ആത്മാർത്ഥത കാണിക്കുകയും ഈ സ്ഥാപനം എല്ലാവർക്കും പ്രയോജനപ്പെടുകയും ചെയ്യണമെന്നാണ് അദ്ദേഹത്തിന്റെ ഉപദേശം.

രാജേഷ്. പി
II BSc Physics

# വീണ്ടും ചില കാമ്പസ്സ് കാര്യങ്ങൾ

ആശങ്കയോടെമാത്രമേ ഇന്നത്തെ കാമ്പസുകളെക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. ഇവിടെ വർണ്ണങ്ങളുണ്ട്. കൗമാരത്തിന് സ്വപ്നങ്ങൾ നഷ്ടമാകാത്തിടത്തോളം ക്യാമ്പസുകളിൽ സ്വപ്നങ്ങളുമുണ്ട്; നൃത്തച്ചുവടുകളുണ്ട്; നെഞ്ചിനുള്ളിലേക്ക് കിനിയുന്ന ഈണങ്ങളുണ്ട്. എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തപോലെ... വാരിചിന്തുന്ന വർണ്ണങ്ങളണിഞ്ഞ യുവമനസ്സുകൾക്ക് ആ വർണ്ണങ്ങളുടെ ആത്മാവ് തൊട്ടറിയാൻ കാല്പനികത നഷ്ടമായിരിക്കുന്നു. സ്വപ്നങ്ങൾക്കും, ചിന്തുകൾക്കും, ചുവടുകൾക്കും നൈസർഗികത കൈമോശം വന്നിരിക്കുന്നു. സ്വപ്നങ്ങളും, പ്രതീക്ഷകളും, ചിന്തകളും കമ്പോളത്തിന് അടിയറവ് വെച്ച് യുവത്വം ഓച്ഛാനിച്ചു നിൽക്കുന്നു. പോപ്പ് - റോക്ക് സംഗീതത്തിന് ചുവടുവെച്ച്, ടൂത്ത്പേസ്റ്റിന്റെ പതയിൽ പുതഞ്ഞിട്ടും ശ്വാസത്തിലിനിയും ദുർഗന്ധം ശേഷിച്ചിട്ടുണ്ടോ എന്ന ആകുലതയിൽ – മിനി സ്കീനിലെ സുന്ദരീ സുന്ദരന്മാരുപയോഗിച്ച അതേ സോപ്പിന്റെ പതയിലു – മാറാത്ത വിയർപ്പു നാറ്റമ റ്റാൻ പ്രതിവിധി നിശ്ചയിച്ചു രുന്ന പ്രിയപ്പെട്ടവരെ ഓർത്ത വ്യാകുലരായി.... അങ്ങിനെയ നെ...

തോൽപാവക്കൂത്തി വെറും പാവകളാണെന്നറിയാ ജീവിതമെന്ന മഹാനാടകത്തി ള്ളിലെ മറ്റൊരു കുടില നാട ത്തിലെ കഥാപാത്രങ്ങളാ

**ഇവിടെ വർണ്ണങ്ങളുണ്ട്. കൗമാരത്തിന് സ്വപ്നങ്ങൾ നഷ്ടമാകാത്തിടത്തോളം ക്യാമ്പസുകളിൽ സ്വപ്നങ്ങളുമുണ്ട്; നൃത്തച്ചുവടുകളുണ്ട്; നെഞ്ചിനുള്ളിലേക്ക് കിനിയുന്ന ഈണങ്ങളുണ്ട്. എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തപോലെ...**






ക്യാമ്പസിൽ യുവത്വം നിറഞ്ഞുനിന്നാടുന്നു. നാം ഏത് സോപ്പുപയോഗിച്ച് കുളിക്കണമെന്നും, ഏത് പേസ്റ്റ് ഉപയോഗിച്ച് ദന്തശുദ്ധിവരുത്തണമെന്നും തീരുമാനിക്കുന്നതും നാമല്ല, മറ്റാരൊക്കെയോ ആണ്. സംതൃപ്തി പുരുഷന്റെ കുത്തകയല്ല എന്നും, തനിക്കും അത് പറ്റുമെന്നും ആധുനിക സ്ത്രീയെക്കൊണ്ട് ചിന്തിപ്പിക്കുന്ന സിഗരറ്റ് കമ്പനിക്കാർ കൂണുപോലെ വളർന്നുകൊണ്ടിരിക്കുന്നു. ഭീമമായ ഒരു അന്തരീക്ഷത്തിലാണ് വർത്തമാനകാലത്തിന്റെ പുരോഗതിയിലേക്കുള്ള കുതിപ്പ്.

## ക്രിക്കറ്റും കാർഗിലും ചില ചിന്തകളും....

ഒരു മഹാരാജ്യത്തിലെ ജനങ്ങളിൽ മുഴുവൻ നുരയുന്ന ലഹരിയായി മാറിയിരിക്കുന്നു ഇന്ന് ക്രിക്കറ്റ്. രാജ്യങ്ങൾക്കു പകരം പെപ്സിയും കൊക്കൊക്കോളയുമാണ് മത്സരിക്കുന്നത്. അരച്ചാൺ വയറുനിറക്കാൻ ഗതിയില്ലാത്തവൻ പോലും ക്രിക്കറ്റിന്റെ അനന്തസാധ്യതകളെക്കുറിച്ച് തലപുകഞ്ഞാലോചിക്കുന്നു. കൊടുംതണുപ്പിനെ അവഗണിച്ചുകൊണ്ട് കാർഗിലെ മലയിടുക്കുകളിൽ മാതൃരാജ്യത്തിന്റെ നന്മയ്ക്ക് വേണ്ടി പിടഞ്ഞൊടുങ്ങുന്ന ജീവിതങ്ങളെക്കുറിച്ചോർക്കാതെ; ലിയനാർഡോയുടെ കണ്ണുകൾക്കും, വിൻസ്ലെറ്റിന്റെ മുടിയിഴകൾക്കും സ്തുതിഗീതം പാടി മൈക്കൽ ജാക്സന്റെ തോറ്റങ്ങളുടെ ചടുലതാളങ്ങൾക്കൊപ്പം ചുവട്വെച്ച് നീങ്ങുന്ന ഇന്നിന്റെ കൗമാരമനസ്സുകൾക്ക് വിക്രമും, വിശ്വനാഥനും അപരിചിതരാകുന്നു. ഇന്ത്യയെപ്പോലുള്ള മൂന്നാംലോകരാജ്യങ്ങളിൽ ക്രിക്കറ്റ്



ഒരു മഹാരാജ്യത്തിലെ ജനങ്ങളിൽ മുഴുവൻ നുരയുന്ന ലഹരിയായി മാറിയിരിക്കുന്നു ഇന്ന് ക്രിക്കറ്റ്. രാജ്യങ്ങൾക്കു പകരം പെപ്സിയും കൊക്കൊക്കോളയുമാണ് മത്സരിക്കുന്നത്. അരച്ചാൺ വയറുനിറക്കാൻ ഗതിയില്ലാത്തവൻ പോലും ക്രിക്കറ്റിന്റെ അനന്തസാധ്യതകളെക്കുറിച്ച് തലപുകഞ്ഞാലോചിക്കുന്നു

പോലുള്ള വമ്പന്മാരുടെ കളികൾ അതിന്റെ പൂർണ്ണമായ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു എന്നത് വളരെ നിസ്സാരമായി തള്ളാൻ പറ്റിയതല്ല. മറിച്ച് സാമ്രാജ്യത്വത്തിന്റെ ശക്തമായ കടന്നുകയറ്റം നടത്തുകയാണ്. ഇതിനുപിന്നിലെ രാഷ്ട്രീയം കണ്ടില്ലെന്നു നടിക്കുന്ന ചോക്കലേറ്റ് കുഞ്ഞുങ്ങൾ കണ്ണടച്ച് ലോകംതന്നെ കാണില്ല എന്ന ധാരണയാണ് വച്ചുപുലർത്തുന്നത്. ക്രിക്കറ്റും സിനിമയും കാണുന്ന ആവേശത്തോടെ കാർഗിൽ യുദ്ധത്തിന്റെ ചോരപുരണ്ട ദൃശ്യങ്ങൾ കാണാൻ വിഡ്ഢിപ്പെട്ടിക്കു മുമ്പിലേക്ക് അതിന്റെ ത്രില്ല് ചൂടാറാതെ കാണാൻ ഓടിയെത്തുന്നവരോട് സഹതാപമേ തോന്നുന്നുള്ളൂ. നമ്മുടെ കുത്തക മാധ്യമങ്ങൾ കാർഗിൽ യുദ്ധത്തെ അസ്സൽ വില്പന ചരക്കാക്കിയിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ.

## കാമ്പസും സമൂഹവും

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിലൊന്നാണ് സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുക



എന്നത്. പക്ഷേ വർത്തമാന സാഹചര്യത്തിൽ ഇത് എത്രത്തോളം പൂർണ്ണത കൈവരിക്കുന്നു എന്നത് ചിന്തിക്കേണ്ട വിഷയം തന്നെയാണ്. കാമ്പസ് സമൂഹത്തിന്റെ അവയവമല്ലെന്നും, കേവലം ഫാഷൻ പരേഡിനും, പ്രണയനാടകങ്ങൾക്കും വേണ്ടി മാത്രമുള്ള വേദിയാണ് എന്നുമുള്ള ഒരു ധാരണ നമ്മുടെ മാധ്യമങ്ങൾ പ്രത്യേകിച്ച് ദൃശ്യ

മാധ്യമങ്ങൾ യുവാക്കളിൽ കുത്തിവച്ചിരിക്കുന്നു. ചുറ്റുമുള്ള ദൈന്യതയോ ദുരന്തങ്ങളോ ഈ ബോയ്‌ലർ തലമുറയെ ബാധിക്കുന്നില്ല. കഷ്ടപ്പാടുകൾ നിറഞ്ഞ വഴിക്കാഴ്ചകൾക്ക് മിഴി കൊടുക്കാതെ തന്റെ ഉള്ളിലേക്ക് മാത്രം ഒതുങ്ങി വെറും സന്തൂർ സുന്ദരിയും, കാലിബർ സുന്ദരനുമായി ഭാവിയിലേക്ക് ക്യാറ്റ്‌വാക്ക് ചുവടുകളോടെ ശ്രദ്ധാലുവായ് ഇന്നത്തെ യുവതലമുറ പിച്ച വയ്ക്കുന്നു. ജഡേജയും, സച്ചിനും ഇന്നിന്റെ ദൈവമാകുമ്പോൾ, ഹനീഫുദ്ദീനഹ അഹൂജയും ഏതോ നാലംകിട നോവലിലെ ഇക്കിളിപ്പെടുത്തുന്ന കഥാപാത്രങ്ങളായ് ബാക്കിയാവുന്നു. ഇന്ന ബെഡ്ഡിൽ കിടന്നാൽ നല്ല സ്വപ്നങ്ങൾ കണ്ടുറങ്ങാം എന്ന് നമ്മെ വീണ്ടും വീണ്ടും ഓർമിപ്പിക്കുന്ന ഇവിടുത്തെ കുത്തകമാധ്യമങ്ങൾ നമ്മുടെ യുവാക്കളുടെ ചിന്തകളെപ്പോലും കടമെടുത്ത് പ്രലോഭനങ്ങളുടെ കുത്തൊഴുക്കിലേക്ക് തള്ളിവിടുന്നു. നാല് ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിപ്പോവുന്ന ഇന്നത്തെ പഠനരീതി തീർത്തും ഭീതികരമായ ചില ഉത്തരമില്ലാത്ത ചോദ്യങ്ങളായ് ഡെമോക്ലസിന്റെ വാളുപോലെ പുതിയ വിദ്യാർത്ഥി സമൂഹത്തിന്റെ തലക്കുമുകളിൽ തൂങ്ങി നിൽക്കുന്നു. 'കഫ്ക'യും 'സാർത്രും' ഒരിക്കൽ നമ്മുടെ കാമ്പസിൽ സജീവമായിരുന്നു. ചുരുട്ടിയ മുഷ്ടിക്കുള്ളിൽ ആത്മാർത്ഥതയുടെ ചൂടുണ്ടായിരുന്നു. പ്രണയവും, കവിതയും കാമ്പസിലെ ഇരുണ്ട ഇടനാഴികളെ സാന്ദ്രമാക്കുകയും ചെയ്തിരുന്നു. വരണ്ടുണങ്ങിയ ഒരു കാലാവസ്ഥയിലൂടെയാണ് പുതിയ കാമ്പസ് നിസ്സംഗതയോടെ അതിന്റെ പ്രയാണം തുടരുന്നത്. സമൂഹത്തിന്റെ പരിഛേദനമാണ് കാമ്പസ് എന്ന സത്യത്തെ മുൻനിർത്തിനോക്കുമ്പോൾ കാമ്പസുകളെ മാത്രം കുറ്റം പറയുന്നതിൽ അർത്ഥമില്ല. മറിച്ച് സമൂഹം അത്രയേറെ മാറിയിരിക്കുന്നു. ഒരു പൊളിച്ചെഴുത്തിന് സമൂഹവും അതുവഴി കാമ്പസും തയ്യാറെടുക്കാൻ സമയമായിരിക്കുന്നു.




## കാമ്പസ്:
## സാംസ്കാരികം, രാഷ്ട്രീയം.

എഴുപതു കളിലെ കാമ്പസ് സജീവമായിരുന്നെന്നും കല, സാഹിത്യം, സംസ്കാരം എന്നിവകൊണ്ട് സമ്പന്നമായിരുന്നുവെന്നും ഇന്നത് അന്യമായിരിക്കുന്നുവെന്നും കാമ്പസുകളെ വിലയിരുത്തുമ്പോൾ ചില ബുദ്ധിജീവികൾ പറയാറുണ്ട്. എഴുപതുകളിൽ കാമ്പസ് സജീവമായിരുന്നു എന്നത് സത്യമാണ്. അന്ന് മേലാളന്മാരുടെ വൃത്തികെട്ട കല്പനകളെ ശിരസ്സാവഹിക്കാൻ യുവാക്കൾ തയ്യാറായിരുന്നില്ല. ഭരണാധികാരികളുടെ ജല്പനങ്ങൾക്കെല്ലാം അടിച്ചമർത്തപ്പെട്ട വർഗ്ഗം തലകുനിക്കുക ഒരു പരിധിവരെ മാത്രമാണ്. സഹനത്തിന്റെ അവസാന പടിയും കഴിഞ്ഞാൽ ഏരിയുന്ന മനസ്സിന്റെ പ്രതികാരം അധികാരികളുടെ കല്പനകൾക്ക് വശം കൊടുക്കാതെ ഒരു പുതിയ വിപ്ലവത്തിന് തയ്യാറാവാൻ സജ്ജമാകുന്നു. ലോകചരിത്രത്തിന്റെ ഇന്നോളമുള്ള ഏടുകൾ പരിശോധിച്ചാൽ ഈ സത്യം മനസ്സിലാക്കാൻ കഴിയുന്നതാണ്. എഴുപതുകളിൽനിന്ന് വ്യത്യസ്തമായി ഇന്ന് യുവാക്കളുടെ മുന്നിൽ അത്തരം അസ്വസ്ഥതകൾ ഇല്ല എന്നതാണ് സത്യം. ഉണ്ടെങ്കിൽത്തന്നെ അതിന്നെതിരായി തിരിച്ചടിക്കാൻ യുവാക്കൾ തയ്യാറായിട്ടുണ്ട്. അസ്വസ്ഥത നിറഞ്ഞ യുവാക്കളായിരുന്നു എഴുപതുകളിലെ കാമ്പസ് പങ്കിട്ടത്. അവരുടെ ദുരന്തങ്ങൾ കവിതയിലൂടെയും, സിനിമയിലൂടെയും, തീവ്രവാദരാഷ്ട്രീയ പ്രസ്ഥാനങ്ങളായും രൂപാന്തരപ്പെട്ടു. ചുള്ളിക്കാടും, വേണുവും, സച്ചിദാനന്ദനും സാഹചര്യങ്ങളുടെ സൃഷ്ടിയാണ്.

ഇന്നത്തെ വിദ്യാർത്ഥികളിൽ



എഴുപതുകളിൽ കാമ്പസ് സജീവമായിരുന്നു എന്നത് സത്യമാണ്. അന്ന് മേലാളന്മാരുടെ വൃത്തികെട്ട കല്പനകളെ ശിരസ്സാവഹിക്കാൻ യുവാക്കൾ തയ്യാറായിരുന്നില്ല. ഭരണാധികാരികളുടെ ജല്പനങ്ങൾക്കെല്ലാം അടിച്ചമർത്തപ്പെട്ട വർഗ്ഗം തലകുനിക്കുക ഒരു പരിധി വരെ മാത്രമാണ്.

കാണുന്ന മറ്റൊരു ദുരന്തമാണ് അരാഷ്ട്രീയ വാദം. രാഷ്ട്രീയം എന്ന വാക്ക് ഏറെ തെറ്റിദ്ധാരണക്ക് വിധേയമായിട്ടുണ്ട്. സമൂഹത്തിൽ നടക്കുന്നതൊന്നും ഞങ്ങൾക്ക് ബാധകമല്ല എന്ന് ധരിച്ച് അടിപൊളി സംസ്കാരത്തിന്റെ ഒഴുക്കിൽപെട്ട് നീങ്ങാനാണ് ഭൂരിപക്ഷം വിദ്യാർത്ഥികളും ആഗ്രഹിക്കുന്നത്. ഒഴുക്കിൽ നീന്തുക ആർക്കും നിസ്സാരമാണ്. ഒഴുക്കിനെതിരെ നീന്തുമ്പോഴാണ് ആർക്കും വ്യഥകൾ മനസ്സിലാവുക. അരാഷ്ട്രീയ വാദത്തിന്റെ രാഷ്ട്രീയം ഇനിയും ഏറെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.


മാതൃഭാഷ സംസാരിക്കുന്നതിൽ നീരസം കാണിക്കുകയും ഇംഗ്ലീഷിൽ ചിന്തിക്കാനും സ്വപ്നം കാണാനും മക്കളെ പഠിപ്പിക്കാൻ മുറവിളി കൂട്ടുന്ന മാതാപിതാക്കൾ ഒരു വലിയ ചോദ്യചിഹ്നമായി നമ്മുടെ മുമ്പിൽ അവശേഷിക്കുകയാണ്. എന്നിട്ടും സിവിൽ സർവ്വീസ് പരീക്ഷകളിൽ എന്നും നൂറാം ക്ലാസിൽ മാത്രം ഒതുങ്ങിപ്പോവാൻ വിധിക്കപ്പെട്ട നമ്മൾ ആരുടെ ചോദ്യത്തിനാണ് ഉത്തരം പറയേണ്ടത്. ഈ സാഹചര്യത്തിൽ നിലവിൽവന്ന പുത്തൻ വിദ്യാഭ്യാസ പഠന സമ്പ്രദായത്തെ നമുക്ക് ആശയോടെ നോക്കിക്കാണാം.

### കാമ്പസ് – കായികം

നല്ല കായിക സംസ്കാരം കാമ്പസിന് അന്യം വന്നിരിക്കുന്നു. യൂണിവേഴ്സിറ്റി പരീക്ഷകളിൽ കടന്നുകയറാൻ വഴി സുഗമമാക്കുന്ന മാർഗമെന്നറിഞ്ഞ് ബാറ്റേന്തുന്നവരും, പന്തുരുട്ടുന്നവരുമാണ് ഇന്നത്തെ കായികതാരങ്ങൾ. അവഗണനയുടെ കയ്പുള്ള കഥകളാണ് ഒരു നല്ല ശതമാനത്തെ കളിക്കളത്തിന് പുറത്തെത്തിച്ചതെങ്കിൽ ഒരു മഹാഭൂരിപക്ഷം എന്തുകിട്ടും എന്ന ചോദ്യത്തിന് നിരാശജനകമായ ഉത്തരം ലഭിച്ചതിനാലാണ് അകന്നുപോയത്. എന്നിട്ടും കാമ്പസിൽ പിൻഗാമികളുടെ ആധിക്യമുള്ള കളിയായി ക്രിക്കറ്റ് വളരുന്നു. മാധ്യമങ്ങൾ അറിഞ്ഞ് പരിലാളിക്കുന്ന ഈ കളിക്കുപോലും ഇവയെ കായികഭൂപടത്തിൽ ഒന്നാമനാക്കാനായില്ല. ക്രിക്കറ്റൊഴിച്ച് എല്ലാ കായികവിനോദങ്ങളോടും രണ്ടാനമ്മ മനോഭാവം കാട്ടിയിട്ടും നമുക്ക് പേസും, ഭൂപതിയും, ആനന്ദും, കർണ്ണംമല്ലേശ്വരിയും ഉണ്ടാകുന്നതിന് ആരോടാണ് നന്ദിപറയേണ്ടത്.

### ഗുരുശിഷ്യബന്ധത്തെക്കുറിച്ച്

ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണിത്. അലസമായി പറഞ്ഞപോകാനാവില്ല നമുക്കിത്. നേരിന്റെ വലിപ്പമറിയുമ്പോൾ പൊടുന്നനെ ഒരു തിരുത്തിയെഴുത്ത് സാധ്യമല്ലെന്നുമറിയാനാകും. അദ്ധ്യാപകൻ വിദ്യാർത്ഥിയിലേക്കിറങ്ങാതെ, അദ്ധ്യാപകനിലേക്ക് വിദ്യാർത്ഥി അടുക്കാതെ വിദ്യാഭ്യാസം കൊടുക്കൽ വാങ്ങലുകളുടെ മുഷിപ്പൻ അങ്ങാടിയായ് മാറിയിട്ടുണ്ട് എന്നത് സത്യമത്രേ. അനുസരിക്കുക എന്നത് ഏത് മൂഢനും ചെയ്യാൻ കഴിയും, എന്നാൽ ചോദ്യം ചോദിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അനുസരിക്കാത്ത ഒരു തലമുറയാണ് ഇന്നത്തെ കാമ്പസുകളിലെ ശാപം. കുറ്റം വിദ്യാർത്ഥികളിൽ മാത്രം ഒതുക്കുക വയ്യ. സ്വകാര്യ ട്യൂഷനും എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കൊണ്ട് നടക്കുന്ന അദ്ധ്യാപകർ യു.ജി.സി. സ്കീമിന്റെ അളവെടുത്ത് അദ്ധ്യാപകപദവിയെ ലാഭകരമായ തൊഴിലായ് മാത്രം കാണുന്നതാണ് പ്രധാന പ്രശ്നം. ആത്മാർത്ഥതയുള്ള അദ്ധ്യാപകർ ഇന്നില്ല എന്നല്ല ഈ പറഞ്ഞതിന്റെ അർത്ഥം. വിദ്യാർത്ഥികളെ അറിയുന്ന സ്നേഹിക്കുന്ന പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ക്ലാസിൽ ഇന്നും വിദ്യാർത്ഥികളുടെ തള്ളിക്കയറ്റം ഉണ്ടാകുന്നുണ്ട്.



അനുസരിക്കാത്ത ഒരു തലമുറയാണ് ഇന്നത്തെ കാമ്പസുകളിലെ ശാപം. കുറ്റം വിദ്യാർത്ഥികളിൽ മാത്രം ഒതുക്കുക വയ്യ. സ്വകാര്യ ട്യൂഷനും എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും കൊണ്ട് നടക്കുന്ന അദ്ധ്യാപകർ യു.ജി.സി. സ്കീമിന്റെ അളവെടുത്ത് അദ്ധ്യാപകപദവിയെ ലാഭകരമായ തൊഴിലായ് മാത്രം കാണുന്നതാണ് പ്രധാന പ്രശ്നം.



### അനിവാര്യമായ മാറ്റം.

"മാറ്റമില്ലാത്തത് മാറ്റത്തിന് മാത്രമാണ്" എന്ന് പറഞ്ഞത് താത്വികാചാര്യനായ മാർക്സാണ്. കാമ്പസിൽ സംഭവിച്ച മൂല്യച്യുതിയെക്കുറിച്ചും പുരോഗമന ആശയങ്ങളുടെ ആശാവഹമായ കടന്നുകയറ്റത്തെക്കുറിച്ചും ഒരു വിചിന്തനമായിരുന്നു ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. ഇത്രയും വായിച്ച് ചുളിയുന്ന നെറ്റികൾ ഇത് എഴുതി തുടങ്ങുമ്പോഴേ കാണാൻ കഴിഞ്ഞിരുന്നു. അവരെ സുഖിപ്പിക്കുക എന്റെ ഉദ്ദേശ്യത്തിന് അപ്പുറത്താണ്. കാമ്പസിലെ ഇരുളടഞ്ഞ ഇടനാഴികളിൽ പ്രതീക്ഷയുടെ മൺവിളക്കുകൾ തെളിഞ്ഞുകത്താൻ തുടങ്ങിയിരിക്കുന്നു. ഒരുപാട് വിളക്കുകളിലേക്ക് പകരാനുള്ള വെളിച്ചം അവയിലുണ്ട്. പകർന്നെടുക്കുകയേ വേണ്ടൂ. □

പ്രകാശൻ
III BSc. Physics

# വിദ്യാർത്ഥി സമൂഹത്തിന്റെ മൂല്യച്യുതി

വർത്തമാനകാല വിദ്യാർത്ഥിസമൂഹം പ്രകടമായ ഒരു പ്രതിസന്ധിയെ നേരിടുകയാണ്. അക്കാദമിക് തലത്തിൽ പ്രതിസന്ധികളുണ്ടെങ്കിലും ഇവിടെ വിഷയം മാനവികമാണ്. സാമൂഹികമാണ്. ഓരോ പ്രബുദ്ധ വിദ്യാർത്ഥിയുടേയും താനുൾക്കൊള്ളുന്ന വ്യവസ്ഥയോടുള്ള അനിവാര്യമായ, അനിഷേധ്യമായ കടമകളെക്കുറിച്ചുള്ളതാണ്. എല്ലാറ്റിനുമുപരി അവൻ അവന്റെ മനസ്സാക്ഷിയോടുതന്നെ കാട്ടേണ്ട പ്രതിബദ്ധതയെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.




ഇവിടെ വിഷയം മാനവികമാണ്. സാമൂഹികമാണ്. ഓരോ പ്രബുദ്ധ വിദ്യാർത്ഥിയുടേയും താനുൾക്കൊള്ളുന്ന വ്യവസ്ഥയോടുള്ള അനിവാര്യമായ, അനിഷേധ്യമായ കടമകളെക്കുറിച്ചുള്ളതാണ്.

യുവത്വത്തിന്റെ വീര്യവും അറിവിന്റെ ശക്തിയും സംഗമിക്കുന്നിടമാണ് വിദ്യാർത്ഥിജീവിതം (വിദ്യാർത്ഥി എന്ന പദത്തിന്റെ വ്യാപകമായ അർത്ഥത്തിലേക്ക് ഞാൻ കടക്കുന്നില്ല). അതിനാൽത്തന്നെ രാഷ്ട്രവും അതിന്റെ ഘടകമായ, സമൂഹവുമുൾക്കൊള്ളുന്ന വ്യവസ്ഥ അവനിൽനിന്നും വളരെയേറെ പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെയായിരിക്കണം, രാഷ്ട്രത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന രാഷ്ട്രീയം പ്രബുദ്ധയുവത്വത്തിന്നിടയിലേക്ക് കൊണ്ടുവരപ്പെട്ടതും. താനടങ്ങുന്ന സാമൂഹിക വ്യവസ്ഥിതിയുടെ കാലിക അവസ്ഥയെന്തെന്ന് തിരിച്ചറിയുവാനും, അതിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളുവാനും അതിലുപരി അതിന്റെ മാറ്റങ്ങൾക്കുവേണ്ടി പ്രയത്നിക്കാനുമുള്ള ശക്തമായ സമരാഭിവാഞ്ജ അവനിൽ വേരുന്നതിനും വ്യക്തമായ രാഷ്ട്രീയാവബോധം ആവശ്യമായിരുന്നു. പരിവർത്തനോന്മുഖമായിട്ടുള്ള പല വിദ്യാർത്ഥിവിപ്ലവങ്ങളും ഇക്കാരണംകൊണ്ടുതന്നെ കലാലയങ്ങളിൽനിന്ന് ഉത്ഭവിച്ചു. ഇത്തരം മുന്നേറ്റങ്ങൾ രാഷ്ട്രത്തിന്റെ സാംസ്കാരിക, സാമ്പത്തിക സാമൂഹിക ഘടനയെത്തന്നെ മാറ്റിമറിക്കാൻ കെല്പുള്ളവയായിരുന്നു. രാഷ്ട്രീയം

എന്നാൽ രാഷ്ട്രത്തെ സംബന്ധിക്കുന്നത് എന്ന സത്യത്തെ സാധൂകരിക്കുന്ന വസ്തുതകളാണ് മേൽപറഞ്ഞവയെല്ലാം.

എൺപതുകളുടെ അവസാനത്തിൽ ചൈനയിലെ ടിയാനമെൻ സ്ക്വയറിൽ എരിഞ്ഞടങ്ങിയ പതിനായിരങ്ങൾ യഥാർത്ഥത്തിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ വക്താക്കൾ മാത്രമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങളായിരുന്ന പാശ്ചാത്യവൽക്കരണത്തെയും ഉത്തരാധുനികതയെയും എതിർത്തുകൊണ്ടുതന്നെ പറയട്ടെ. എന്നാൽ, ചുറ്റിനും നിരന്ന ടാങ്കുകളെയും യന്ത്രത്തോക്കുകളെയും തൃണവൽഗണിച്ചുകൊണ്ട് സമരമുഖത്തേക്ക് കുതിച്ച പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ സമരവീര്യത്തെ, അവരുടെ ഉള്ളിലാളിയ മാറ്റത്തിനുവേണ്ടിയുള്ള അഗ്നിയെ അവഗണിക്കുന്നതെങ്ങനെ? ഉത്ബുദ്ധരെന്ന് നാം കൊട്ടിഘോഷിക്കുന്ന ഇവിടുത്തെ വിദ്യാർത്ഥിസമൂഹത്തിന് ഇല്ലാതെ പോയതും അത്തരമൊരു വിപ്ലവവീര്യം തന്നെ. അതുതന്നെയാണ് ഞാൻ തുടക്കത്തിലുന്നയിച്ച പ്രതിസന്ധിയും.



വിദ്യാർത്ഥി സംഘടനകളെന്ന പേരിൽ ഇന്ന് കാമ്പസുകളിൽ ആദർശങ്ങളോ, ലക്ഷ്യബോധമോ ഇല്ലാത്ത പല വിദ്യാർത്ഥി സംഘങ്ങളേയും നിങ്ങൾക്ക് കാണാൻ കഴിയും. തങ്ങൾ എന്തിനുവേണ്ടി നിലനിന്നുപോരുന്നു എന്ന അടിസ്ഥാനപരമായ അറിവുപോലും ഇല്ലാത്ത ഇത്തരക്കാർ കാലാകാലങ്ങളായി അചഞ്ചലിതമായി നിലനിന്നുപോരുന്ന മഹത്തായ മൂല്യങ്ങളെ തുണ്ടം തുണ്ടമായി വെട്ടിനുറുക്കുന്ന പരിതാപകരമായ കാഴ്ചയാണ് നമ്മുടെ കാമ്പസുകളിൽ ഇന്ന് കാണുന്നത്. വിദ്യാർത്ഥികളെ ക്രിയോൻമുഖരായി സംഘടിപ്പിക്കുന്നതിൽ ഇന്നത്തെ രാഷ്ട്രീയം വലതുപക്ഷ ഇടതുപക്ഷഭേദമന്യേ പരാജയപ്പെട്ടിരിക്കുന്നു. ചിന്താധാരയിലൊളിഞ്ഞുകിടക്കുന്ന കരുത്തും കൈകളിൽ പേനത്തഴമ്പും കണ്ണുകളിൽ വജ്രശോഭയുമുള്ള അണികൾ ഏതൊരു പ്രസ്ഥാനത്തിന്റെയും കരുത്താണ്. അങ്ങിനെയൊരു കാലം ഉണ്ടായിരുന്നുതാനും.

ആശയങ്ങളുടെയും ആദർശങ്ങളുടെയം അടിസ്ഥാനപരമായ വ്യത്യാസങ്ങളാണ് സംഘടനാപരമായ വ്യത്യസ്തതകളിലേക്ക് നയിക്കുന്നത്. നമ്മുടെ കാമ്പസുകളിൽ ഇത് ഇടതുപക്ഷ വലതുപക്ഷ ഭേദമായി കാണപ്പെടുന്നു. എന്നാൽ ആദർശങ്ങളും ലക്ഷ്യങ്ങളും മേൽപ്പറഞ്ഞ രീതിയിൽ പൊതുവാകുമ്പോൾ സംഘടനാപരമായ വ്യത്യസ്തകൾ നേർത്തുവരുന്നു.

സംഘടനയാകുമ്പോൾ അണികൾ ആവശ്യമാണ്. താനടങ്ങുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ കൊടികുത്തി വാഴുന്ന മൂല്യശോഷണങ്ങളെ അടുത്തറിഞ്ഞ്, അതിനെതിരെ തനിക്കെന്ത് ചെയ്യാൻ കഴിയുമെന്ന ചോദ്യം തന്നോടുതന്നെ ചോദിച്ച് അതിനുത്തരമേകാൻ കഴിയുന്ന, അത് പ്രാവർത്തികമാക്കാൻ പോന്ന മനഃശക്തിയുള്ള യുവാക്കളെയാണ്. മേൽപ്പറഞ്ഞ മൂല്യശോഷണത്തിലധിഷ്ഠിതമായ അനീതിയും അക്രമവുമാണ് തങ്ങളുടെ ശത്രു എന്ന വിദ്യാർത്ഥി സംഘടനയുടെ തിരിച്ചറിവ് കാലഘട്ടത്തിന്റെ ആവശ്യമാണ്.

വിലയേറിയ പ്രതികരണശേഷി പാഴായിപ്പോകാനനുവദിച്ചുകൊണ്ട് ദേശീയതലത്തിലും ആഗോളതലത്തിലുമുള്ള സംഭവവികാസങ്ങൾക്കുനേരെ

**ആശയങ്ങളുടെയും ആദർശങ്ങളുടെയം അടിസ്ഥാനപരമായ വ്യത്യാസങ്ങളാണ് സംഘടനാപരമായ വ്യത്യസ്തതകളിലേക്ക് നയിക്കുന്നത്. നമ്മുടെ കാമ്പസുകളിൽ ഇത് ഇടതുപക്ഷ വലതുപക്ഷ ഭേദമായി കാണപ്പെടുന്നു.**

ഇന്നത്തെ വിദ്യാർത്ഥി അവൻ കണ്ണടക്കുകയാണ്. അതുവഴി ഒരു സാമൂഹികവ്യവസ്ഥയുടെ യുവജനശക്തി മാറ്റങ്ങൾക്കുവേണ്ടി യത്നിക്കാതെ പാഴായിപ്പോകുന്നു. മരവിച്ചുപോയ വിപ്ലവവീര്യവും എങ്ങോ കളഞ്ഞുപോയ ലക്ഷ്യബോധവുമായി, ഒഴുക്കിൽ നീങ്ങുന്ന പൊങ്ങുതടിയായി മാറിയിരിക്കുന്നു വർത്തമാനയുവത്വം. അതിനിടയിൽ ഒറ്റപ്പെട്ട സമരോന്മുഖമായ ചിന്താഗതികളുണ്ടെങ്കിലും കൂട്ടായ്മയുടെ അഭാവത്തിൽ അവയും അമർന്നുപോകുന്നു. പരാതികളില്ലാതെ.

തുടർച്ചയായ വർഗസമരങ്ങളിലൂടെ മാത്രമേ സാമൂഹ്യപരിവർത്തനം സാധ്യമാകൂ എന്ന് കാറൽ മാർക്സ് പറഞ്ഞു. ഇവിടെ വർഗമേത് വർഗശത്രുവേത് എന്ന തിരിച്ചറിവാണ് പ്രധാനം. സംഘടിതരായ വിദ്യാർത്ഥിസമൂഹം വർഗത്തെ പ്രതിനിധീകരിക്കുന്നെങ്കിൽ വർഗശത്രു മറ്റൊന്നല്ല. ഭദ്രമായ സാമൂഹിക വ്യവസ്ഥിതിയെ തകിടം മറിക്കുന്ന ഘടകങ്ങൾതന്നെ. സ്വേച്ഛാധിപത്യത്തിലൂന്നിയ ഭരണം, ദേശീയസുരക്ഷയെ നേരിടുന്ന വെല്ലുവിളികൾ, വർഗീയത, അഴിമതിയുടെയും അക്രമത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും വക്താക്കൾ, അവർക്ക് ശിങ്കിടിപാടുന്ന ബ്യൂറോക്രപസി ഇവയെല്ലാം തന്നെ വിദ്യാർത്ഥി വർഗത്തിന്റെ ശത്രുക്കളായി കണക്കാക്കപ്പെടേണ്ടതാണ്. പരിവർത്തനോന്മുഖമായ വിദ്യാർത്ഥിമുന്നേറ്റങ്ങൾ ആവശ്യമെന്ന് പറയുന്നത് ഇത്തരം ശത്രുക്കൾക്കുനേരെയാണ്.

വിപ്ലവകരമായ മന്നേറ്റങ്ങൾക്ക് ആദ്യമായി വേണ്ടത് ആശയപരമായ ഉന്നതമേഖലകൾ വിദ്യാർത്ഥികൾക്ക് പ്രാപ്തമാക്കിക്കൊടുക്കുക എന്നതാണ്. എന്നാൽ ആശയപരമായ മന്ദത (Ideological lag) ആണ് ഇന്ന് കാണുന്നത്. ഇതിന് തുടക്കമിട്ടത് എഴുപതുകളുടെ അവസാനമാണുതാനും. കാരണങ്ങൾ പലതാകാം. വർഗത്തിന്റെയും വർഗശത്രുക്കളുടെയും നിർവചനങ്ങൾ കാലഘട്ടത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുമെന്ന യാഥാർത്ഥ്യം യുവത്വത്തിന് ഉൾക്കൊള്ളാൻ കഴിയാതിരുന്നതാണ് ഒരു കാരണം. ഇടതുപക്ഷ ചിന്താഗതിക്ക് മുൻതൂക്കമുണ്ടായിരുന്ന കാമ്പസുകളിൽ നിന്നായിരുന്നു ആദ്യകാല വിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെട്ടത്. എന്നാൽ വിപ്ലവങ്ങൾ അടിച്ചമർത്തപ്പെടുകയും വലതുപക്ഷചിന്താഗതി കൂടി ശക്തിപ്പെടുകയും ചെയ്തതോടെ ഒരുതരം ആശയക്കുഴപ്പം ഉടലെടുത്തു. ലോകമൊന്നാകെ ആഗോളവത്കരണത്തിന്റെ പാതയി

ലേക്ക് തിരിയുകയും കമ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ കൂടി അതിൽ പങ്കുചേരുകയും ചെയ്തതോടെ വർഗത്തേയും വർഗശത്രുക്കളെയും കുറിച്ചുള്ള ആശയക്കുഴപ്പം പൂർണ്ണമാവുകയായിരുന്നു. മാറിയ സാഹചര്യങ്ങളിൽ തൊഴിലാളിവർഗത്തെക്കാൾ, തൊഴിലില്ലാത്ത തങ്ങളുടെ വർഗമാണ് യഥാർത്ഥ ചൂഷിതരെന്നും മുതലാളിത്തമല്ല, മറിച്ച് ഭദ്രമായ സാമൂഹിക സാമ്പത്തിക വ്യവസ്ഥയെ തുരങ്കം വയ്ക്കുന്ന മുമ്പുപറഞ്ഞ ഘടകങ്ങളാണ് വർഗ്ഗശത്രുക്കളെന്നുമുള്ള അറിവ് അവരുൾക്കൊണ്ടില്ല. ഫലമോ? ലക്ഷ്യമെന്തെന്നോ മാർഗമെന്തെന്നോ നിശ്ചയമില്ലാത്ത, അനുരഞ്ജനം നയമാക്കിയ, വിപ്ലവവീര്യം ചോർന്നുപോയ പുതിയ തലമുറയുടെ ആവിർഭാവം തന്നെ. സമൂലമായ മാറ്റത്തിനുവേണ്ടിയുള്ള ത്വരയില്ലാത്ത സ്വാർത്ഥ താല്പര്യങ്ങളിലൂന്നിയ അവകാശവാദങ്ങളുള്ള, വിശാലമായ കാഴ്ചപ്പാട് കൈമോശം വന്നുപോയ വിദ്യാർത്ഥി സംഘടനകൾ അങ്ങിനെ കാമ്പസുകളിൽ കയറിക്കൂടി.

തുറന്ന ചർച്ചകൾക്കിടയിൽ ചിന്തക്ക് ഘനമുള്ള ചിലരെങ്കിലും ചോദിക്കാതിരുന്നില്ല. ഏതാനും ചില കാമ്പസുകളിലെ അനുഭവം വച്ച് വിദ്യാർത്ഥി സമൂഹത്തെ മൊത്തം അളക്കുന്നത് അതിസാഹസമല്ലെയെന്ന്. എന്നാൽ കേരളത്തിലെന്നല്ല, ഇന്ത്യയിൽപ്പോലും അടുത്തകാലത്തെങ്ങും ശ്രദ്ധേയമായ വിദ്യാർത്ഥി മുന്നേറ്റങ്ങളുണ്ടായിട്ടില്ല എന്ന നഗ്ന യാഥാർത്ഥ്യം അവർപോലും സമ്മതിച്ചുതരുന്നു. ജാതീയ - വർഗീയ മുന്നേറ്റങ്ങൾ ഒട്ടനവധി ഉണ്ടാവുകയും ചെയ്തു.

ഇതിനൊരു പ്രതിവിധിയെന്താണ്? അടിസ്ഥാനപരമായി ഒരു വിദ്യാർത്ഥിസംഘടനക്ക് വേണ്ടത്, ഉള്ളിന്റെയുള്ളിൽ മാറ്റത്തിന് വേണ്ടി ശക്തമായ അഭിവാഞ്ജയുള്ള അണികളാണ്. അങ്ങിനെയുള്ള അണികളെ

**വിലയേറിയ പ്രതികരണശേഷി പാഴായിപ്പോകാനനുവദിച്ചുകൊണ്ട് ദേശീയതലത്തിലും ആഗോളതലത്തിലുമുള്ള സംഭവവികാസങ്ങൾക്കു നേരെ ഇന്നത്തെ വിദ്യാർത്ഥി അവൻ കണ്ണടക്കുകയാണ്.**

വാർത്തെടുക്കണമെങ്കിൽ ഞാൻ മുമ്പു പറഞ്ഞപോലെ ആശയപരമായ ഔന്നത്യങ്ങൾ അവർക്ക് പ്രാപ്തമാക്കിക്കൊടുക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. തെരഞ്ഞെടുപ്പടുക്കുമ്പോൾ മാത്രമിറക്കുന്ന ചില ലഘുലേഖകളും ക്ലാസുകൾ കയറിയിറങ്ങിയുള്ള വാചകക്കസർത്തുംകൊണ്ട് അത് സാധ്യമാകില്ലെന്ന് സ്പഷ്ടം. തരിശായ ഭൂമിയിൽ മണ്ണിളക്കി കട്ടയുടച്ച് വളം ചേർത്ത് വിത്തുവിതച്ച് അത് വളരുന്നതുപോലെത്തന്നെ കഠിനമാണ് മേൽപ്പറഞ്ഞ ദൗത്യവും. വിദ്യാർത്ഥികളുമായുള്ള നിരന്തരമായ സമ്പർക്കവും ചർച്ചകളും കൊണ്ടേ അത് സാധ്യമാകൂ.



ഓരോ വിദ്യാർത്ഥിയും തന്റെ സംഘടനയുടെയും വ്യക്തമായ ലക്ഷ്യങ്ങളെന്തെന്ന് അറിയുക. കാലിക സാമൂഹിക സാഹചര്യങ്ങളിൽ മാറ്റങ്ങൾ ആവശ്യമുണ്ടോയെന്നും, ഉണ്ടെങ്കിൽ അത് ഏതു തരത്തിൽ ഉള്ളതായിരിക്കണമെന്നും ചിന്തിക്കുക. പരിവർത്തനത്തിനുവേണ്ടിയുള്ള സമരപാത ഏതു തലത്തിലുള്ളതായിരിക്കണമെന്ന് സംഘടനാതലത്തിൽ ചർച്ചാവിഷയമാക്കുക. ചരിത്രത്തിലെ വിദ്യാർത്ഥി സമരങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് തെറ്റുകൾ കഴിവതും ഒഴിവാക്കി ഒരു പുതിയ മുന്നേറ്റത്തിനായി തുനിഞ്ഞിറങ്ങുക. മാറ്റത്തിനുവേണ്ടിയുള്ള കർമ്മപഥത്തിൽ താനുമൊരു പഥികനാണെന്ന ആഹ്ലാദകരമായ യാഥാർത്ഥ്യം തിരിച്ചറിയുക. ഫലം കാലത്തിനു വിടുക.

മാറ്റം കലാലയപ്രസിദ്ധീകരണങ്ങളുടെ പുറംചട്ടയിൽ മാത്രമായി ഒതുങ്ങില്ലെന്നുറപ്പ്. □

എൻ പി ഹാഫിസ് മുഹമ്മദ്

# വിദ്യാർത്ഥിലോകം: സത്യവും മിഥ്യയും

വിദ്യാർത്ഥികളെ അപൂർവ്വജീവികളെപ്പോലെ കണക്കാക്കുന്നവർ ഏറെയുണ്ട്. ബസ്സിലോ നിരത്തിലോ വെച്ച് അവരെക്കാണുമ്പോൾ കാഴ്ചബംഗ്ലാവിൽ നിന്നോ ചൊവ്വാഗ്രഹത്തിൽനിന്നോ ഇറങ്ങിവന്ന ജീവികൾ എന്ന ഭാവമാണ് പലർക്കും. വിദ്യാഭ്യാസം സിദ്ധിച്ചവർപോലും ആഹ്ലാദത്തോടെയല്ല ഇന്നത്തെ വിദ്യാർത്ഥികളെ സ്വീകരിക്കുന്നത്. ഇവരൊന്നിനും കൊള്ളരുതാത്തവരെന്നും ഉത്തരവാദിത്തബോധമില്ലാത്തവരെന്നും മുതിർന്നവർ പഴി ചുമത്താറുണ്ട്. ഈ ആരോപണങ്ങൾ ഉന്നയിക്കുന്നവർ തങ്ങൾ പഠിക്കുന്ന കാലം ഇത്തരം വേണ്ടാത്ത സ്വഭാവങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും ഇന്നത്തെ വിദ്യാർത്ഥികൾ ഒരു കഴിവും ഇല്ലാത്തവരാണെന്നും പറയുന്നു. അദ്ധ്യാപകരിൽ പലർക്കും വിദ്യാർത്ഥികൾ ശത്രുക്കളാണ്. അവരുടെ വീഴ്ചകളെ മാത്രം അന്വേഷിച്ചു നടക്കുന്നു അവർ. കടുത്ത ശിക്ഷകൾകൊണ്ടേ വിദ്യാർത്ഥികളെ മാറ്റിയെടുക്കാനാവൂ എന്നതാണ് ചില അദ്ധ്യാപകരുടെ വിശ്വാസം. അവസരം കിട്ടുമ്പോൾ ആധിപത്യത്തിന്റെ ഭാഷ പ്രകടിപ്പിക്കപ്പെടുകയും കൊടും ശിക്ഷകൊടുത്തു ആനന്ദം കൊള്ളുകയും ചെയ്യുന്നു.



വിദ്യാർത്ഥികൾക്ക് അവരുടേതായ ന്യായീകരണങ്ങളുണ്ട്. ഇത് കാളവണ്ടിയുഗമല്ലെന്നും ശാന്തിയുടേയും സമാധാനത്തിന്റേയും രാമരാജ്യത്തിലല്ലന്നവർ പറയും. നിങ്ങൾ വാഗ്ദത്തം ചെയ്ത സമത്വസുന്ദര ശോഭന രാഷ്ട്രം എവിടെയെന്നവർ ചോദിക്കുന്നു. പഠിച്ചവർക്ക് തൊഴിലെവിടെ, തൊഴിലെടുക്കുന്നവർക്ക് മതിയായ വേതനമെവിടെ, വേണ്ടവിധം പഠിപ്പിക്കാനാർക്കാവുന്നു. എന്നിങ്ങനെ വിദ്യാർത്ഥിലോകം ചോദിച്ചേക്കും. മുതിർന്നവർ പണിത നെറികേടിന്റെ ലോകം തന്നെയാണ് ഞങ്ങളെ സൃഷ്ടിച്ചതെന്ന് വിദ്യാർത്ഥികൾ വ്യക്തമാക്കുന്നു.

ഇന്നത്തെ സാമൂഹിക ചുറ്റുപാടുകളെ മനസ്സിലാക്കാതെ യാഥാർത്ഥ്യബോധത്തോടെ വിദ്യാർത്ഥിവർഗ്ഗത്തെ മനസ്സിലാക്കാനാവുമെന്ന് തോന്നുന്നില്ല. വർഷങ്ങൾക്ക് മുമ്പുള്ള വിദ്യാലയമല്ല ഇന്നുള്ളത്. സ്കൂളും കോളേജും ആകപ്പാടെ മാറിയിരിക്കുന്നു. പഠിക്കാനുള്ളതും അടിമുടി മാറിയിരിക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണം എത്രയോ ഇരട്ടിച്ചിരിക്കുന്നു. ഒരൊറ്റ ഭാഷാ ക്ലാസ്സിൽ തന്നെ പഴയൊരു കലാലയത്തിലെ മൊത്തം വിദ്യാർത്ഥികളുണ്ട്. പരസ്പരമറിയാവുന്ന അദ്ധ്യാപക വിദ്യാർത്ഥി ബന്ധമല്ലിന്ന്, തങ്ങളുടെ കോളേജിലെ അദ്ധ്യാപകാരൊക്കെയെന്ന് വിദ്യാർത്ഥികളും പഠിപ്പിക്കുന്ന ക്ലാസ്സിലെ വിദ്യാർത്ഥികൾ ആരൊക്കെയെന്ന് അദ്ധ്യാപകരും തിരിച്ചറിയാതായിരിക്കുന്നു. അടുത്തറിയുന്ന ഗുരുശിഷ്യ ബന്ധം പൊതുവെ ഇന്നില്ല. അദ്ധ്യാപകരുടെ ചിറകുകൾക്ക് കീഴെ കോഴിക്കുഞ്ഞുങ്ങളെപ്പോലെ ഒതുങ്ങിക്കഴിയുന്ന വിദ്യാർത്ഥികൾ എവിടെയോ പോയ്മറഞ്ഞിരിക്കുന്നു.

പഠനത്തിന് അദ്ധ്യാപകരെ തീരേ ആശ്രയിക്കേണ്ടതില്ല എന്നു വന്നിരി

ലോചനം



**അ**ദ്ധ്യാപകരിൽ പലർക്കും വിദ്യാർത്ഥികൾ ശത്രുക്കളാണ്. അവരുടെ വീഴ്ചകളെ മാത്രം അന്വേഷിച്ചു നടക്കുന്നു അവർ. കടുത്ത ശിക്ഷകൾകൊണ്ടേ വിദ്യാർത്ഥികളെ മാറ്റിയെടുക്കാനാവൂ എന്നതാണ് ചില അദ്ധ്യാപകരുടെ വിശ്വാസം. അവസരം കിട്ടുമ്പോൾ ആധിപത്യത്തിന്റെ ഭാഷ പ്രകടിപ്പിക്കപ്പെടുകയും കൊടും ശിക്ഷ കൊടുത്തു ആനന്ദം കൊള്ളുകയും ചെയ്യുന്നു.

ക്കുന്നു. സയൻസ് വിഷയങ്ങൾക്ക് പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾ എല്ലാംതന്നെ പ്രത്യേക കോച്ചിങ്ങിനും ട്യൂഷനും പോകുന്നവരാണ്. വൻതുകകൊടുത്ത് എൻട്രൻസ് പരീക്ഷകൾക്ക് ഒഴിവ് നേരങ്ങളും അവധിദിവസങ്ങളും തീറെഴുതിക്കൊടുക്കുന്നവരാണ് ഈ വിദ്യാർത്ഥികൾ. ഇവരുടെ മീതെയാവട്ടെ കടുത്ത സമ്മർദ്ദങ്ങളുണ്ട്. രക്ഷിതാക്കളുടെ സ്വപ്ന സഫലീകരണത്തിനുള്ള ഉപകരണങ്ങളാണ് പലർക്കും മക്കൾ. ഏത് കീറാമുട്ടി തത്വസംഹിതകളും കഠിനപ്രായോഗിക പരീക്ഷകളും ചാടിക്കടക്കാൻതക്ക ഗുളികരൂപത്തിലുള്ള പഠനസഹായികൾ കലാലയ കവാടത്തിനരികെ തന്നെ സുലഭം. ക്ലാസ്സിലിരിക്കണമെന്നത് ഒരത്യാവശ്യമായി വിദ്യാർത്ഥികളോ രക്ഷിതാക്കൾ തന്നെയുമോ കണക്കാക്കുന്നതല്ല. ക്ലാസ്സിൽ പഠിപ്പിക്കുന്ന അതേ അധ്യാപകർ വിഷയം വീട്ടിൽവെച്ച് കാശ്‌വാങ്ങി പഠിപ്പിക്കുന്നതും അത്ഭുതമല്ല. ആധുനിക ശ്രവ്യദൃശ്യമാധ്യമങ്ങളുടേയും, ഇൻഫർമേഷൻ ടെക്നോളജിയുടേയും അനന്തമായ സാധ്യതകൾ വിദ്യാർത്ഥിയുടെ മുന്നിലുണ്ട്. ഇന്റർനെറ്റ് സൗകര്യങ്ങൾ നഗരങ്ങളിലെത്തിക്കഴിഞ്ഞിരിക്കുന്നു. കോളേജിനകത്തുതന്നെ ഇത്തരം സൗകര്യങ്ങൾ വന്നുവെന്നിരിക്കെ, ക്ലാസ്സിൽനിന്നോ അദ്ധ്യാപകരിൽനിന്നോ പുസ്തകങ്ങളിൽനിന്നോ വിജ്ഞാനസമ്പാദനം എന്ന രീതിതന്നെ കൈയൊഴിക്കപ്പെടുകയാണ്. എന്നാൽ രചനാത്മകത വറ്റിപ്പോയ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് പൊതുവെ കൊണ്ടാടപ്പെടുന്നത്. ഒരാളിന്റെ അന്വേഷണകൗതുകത്തേയും ഭാവനാവിലാസത്തേയും ഞെരിച്ചമർത്തുന്നവിധം ചിട്ടപ്പെടുത്തിയ വിദ്യാഭ്യാസ സമ്പ്രദായം ഇന്നും ആഘോഷമായ് കൊണ്ടാടപ്പെടുന്നു. ചട്ടക്കൂട്ടിലൊതുക്കി രചനാപാടവത്തെ നിരാകരിക്കുന്ന വിദ്യാഭ്യാസ പദ്ധതി നിർമ്മിച്ചെടുക്കുന്ന ഉല്പാദന വസ്തുവാണിന്ന് വിദ്യാർത്ഥി.

വിദ്യാഭ്യാസത്തിന്റെ രചനാത്മകത നഷ്ടപ്പെട്ടിരിക്കുന്നതു കാരണം വിദ്യാർത്ഥികൾക്ക് പഠനത്തിൽ പങ്കാളിത്തം കുറവാണ്. പാഠ്യപദ്ധതിയിൽ മുഴുകാൻ വഴിവെക്കുന്ന ഒരു സമ്പ്രദായം കലാലയങ്ങളിലില്ല. അസൈൻമെന്റുകളോ പ്രാക്ടിക്കലുകളോ നേരിട്ടറിവ് നൽകുന്നില്ല. പകർത്തിവെക്കലുകൾകൊണ്ട് കടന്നുകൂടാനാവുന്ന റെക്കാർഡെഴുത്ത് നിലനില്ക്കുന്നു. വർഷാവസാനമാണ് പരീക്ഷ. ഒന്ന് രണ്ടാഴ്ചകൾകൊണ്ട് ചിലതൊക്കെ തിരഞ്ഞെടുത്ത് മനഃപാഠമാക്കി പരീക്ഷക്കിരുന്ന് ഫസ്റ്റ്ക്ലാസ്സ് മാർക്ക് വാങ്ങി വിജയിക്കുന്നവർ എമ്പാടുമുണ്ട്. കോളേജുകളിലാവട്ടെ അദ്ധ്യായനദിവസങ്ങൾ കുറവ്, വിദ്യാർത്ഥി, അദ്ധ്യാപക അനദ്ധ്യാപകസമരങ്ങൾ ഹർത്താലുകൾ പൊതുപണിമുടക്കുകൾ എന്നിവയാൽ ഒരു വർഷം നൂറിലധികം അദ്ധ്യായനദിനങ്ങൾ കിട്ടിയാൽ ഭാഗ്യമായി (അതോ, നിർഭാഗ്യമോ) പലപ്പോഴും ഒരു വിദ്യാർത്ഥി ഒന്നുകിൽ സാമർത്ഥ്യമോ കഴിവോകൊണ്ട് അല്ലെങ്കിൽ തന്ത്രങ്ങളോ കുതന്ത്രങ്ങളോ കൊണ്ട് ബിരുദം നേടിയെടുക്കുന്നു.

ബിരുദംകൊണ്ടെന്ത് എന്ന ചോദ്യം വിദ്യാർത്ഥികൾക്കിടയിലും മറ്റുള്ളവർക്കിടിയിലും ഭീമാകാരംപൂണ്ട് കിടപ്പുണ്ട്. മുതിർന്നവരോട് ഈ പഠനം നമുക്ക് ജോലിയുറപ്പുവരുത്തുന്നുവോ എന്ന് ചോദിച്ചാൽ അതെയെന്ന് ധൈര്യസമേതം ഉത്തരം നൽകാനുമാവില്ല. പ്രൊഫഷനൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുപോലും തൊഴിൽ കൈയെത്താവുന്ന ദൂരത്തല്ല. ബിരുദാനന്തര ബിരുദം നേടിയവർക്കോ ഗവേഷണപഠനം നടത്തിയവർക്കോ അവരുടെ മേഖലകളിൽ ഉചിതമായ തൊഴിൽ നൽകാൻ സമൂഹത്തിന് കഴിയുന്നില്ല.

പലതുകൊണ്ടും പുറംലോകം ആഹ്ലാദകരമായ ഒരു ചുറ്റുവട്ടമല്ല ഒരുക്കുന്നത്. വ്യാപകമായവിധം ജീവിതരീതിയായ്ക്കഴിഞ്ഞിരിക്കുന്ന അഴിമതിയും അക്രമവും വിദ്യാർത്ഥികളും അറിയുന്നു; അനുഭവിക്കുന്നു. രാഷ്ട്രീയ നേതൃത്വത്തിനും ഭരണകർത്താക്കൾക്കും വന്നുപെട്ട നെറികെട്ട മാറ്റം വിദ്യാർത്ഥികളെ സ്വാധീനിക്കുന്നുണ്ട്. മാതാപിതാക്കൾ ഉൾക്കൊണ്ട തലമുറയുടെ സദാചാരവും ജീവിതചര്യയുംതന്നെയാണ് കൗമാരജീവിതത്തിന്റെയും വിദ്യാർത്ഥി ലോകത്തിന്റെയും അടിത്തറയെന്നത് മറന്നുകൂടാ.

കൗമാരകാലത്തെ ക്കുറിച്ച് സമൂഹമനഃശാസ്ത്രപരമായ വിശകലനം നടത്തുമ്പോഴേ വിദ്യാർത്ഥിയുടെ ഉള്ളറിയാനാവൂ. സ്വതന്ത്രമായ ഒരു നവലോകം അവരുടെ മുന്നിലുണ്ട്. ജീവിതത്തിൽ സകലമാനതലങ്ങളിലും സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ഒരു ലോകമാണ്. ആധുനികകാലം അവർക്കേകുന്നത്. നിയന്ത്രണങ്ങൾകൊണ്ട് ചിലരെ ചിട്ടപഠിപ്പിക്കാൻ സാധിച്ചേക്കുമെങ്കിലും, ചിട്ടകൾ തെറ്റിക്കുന്ന ഒരു സൗഹൃദവലയം അവർക്കു ചുറ്റുമുണ്ട്. വൈകാരികാനുഭവങ്ങളുടെ

ആഹ്ലാദങ്ങളും ഉള്ള് രസിപ്പിക്കുന്ന തമാശകളും നിറഞ്ഞതാണ് കൗമാരം. അകാരണവിഷാദത്തിന്റേയും തകർക്കുന്ന നോവുകളുടേയും കാലമാണത്. പെട്ടെന്നുണ്ടാകുന്ന ശാരീരികമാറ്റങ്ങൾ വിസ്മയങ്ങളുടേയും അജ്ഞതയുടേയും മനോവൃത്തം സങ്കീർണ്ണമാക്കുന്നു. ഈ മാറ്റങ്ങൾ ചിലപ്പോൾ അബദ്ധങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുന്നു. കൗമാരപ്രായക്കാരുടെ ശാരീരികവളർച്ചക്കനുസൃതമായ പെരുമാറ്റമല്ല വലിയവർ അവർക്കു നൽകുന്നത്. വിലക്കുകൾകൊണ്ട് മുൾവേലികൾ കെട്ടിയിരുന്ന പഴയകാലം, എല്ലാം സ്വീകരിക്കുന്ന പഴയ യുവത്വത്തിന് ശീലമായിരുന്നു. ഇന്ന് ചിലർ ആ വിലക്കുകൾ ലംഘിക്കാൻ മുതിരുന്നു. ചിലർക്കതാവാതെ വരുന്നു. ഈവിധ സംഘർഷങ്ങളുടെ പരിസരം ഒരു കലാലയവിദ്യാർത്ഥിക്ക് അത്രയൊന്നും ആഹ്ലാദകരമായ അന്തരീക്ഷമല്ല നൽകുന്നത്. അതുവഴിയവരുടെ സ്വാസ്ഥ്യം കാർന്ന് തിന്നപ്പെടുന്നുവെന്നതും ഒരു വസ്തുതയാണ്.

കലാലയ ജീവിതം അന്നേവരെ പിന്തുടർന്ന ഒരു ജീവിതരീതിയുടെ പൂർണ്ണമോ ഭാഗികമോ ആയ നിരാസമാണ്. വ്യത്യസ്തമാണ്. പഠനരീതികളിൽ വ്യത്യാസമുണ്ട്. പഠിപ്പിക്കുന്നതിലും നല്ല വ്യത്യാസം. എതിർലിംഗത്തിൽപെട്ടവരുമായിടപഴകാൻ അവസരം കിട്ടുകയും, എന്നാൽ അരുതുകൾ ചുറ്റും വേലി പണിയുകയും ചെയ്യുന്നു. അമിതമായ അരുതുകളും അസ്ഥാനത്തെ വിലക്കുകളും ധിക്കരിക്കാനുള്ള താൽപ്പര്യം ഉണ്ടാകുന്നു. മറികടക്കാനോ കള്ളക്കളി നടത്താനോ ധിക്കരിക്കാനോ ഉള്ള താൽപ്പര്യം ഒരു വിദ്യാർത്ഥിക്ക് അവന്റെയോ അവളുടെയോ സാമൂഹികാന്തരീക്ഷം തന്നെ നൽകുന്നു.

സ്കൂളിൽ കിട്ടിയിരുന്ന സ്നേഹമോ പ്രത്യേക പരിചരണമോ അംഗീകാരമോ കോളേജിൽ വിദ്യാർത്ഥിക്ക് ലഭിക്കുന്നില്ല. പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പോലും താൻ അപരിചിതനോ അപരിചിതയോ ആണെന്ന ബോധത്താൽ ഈ വ്യവസ്ഥിതിയോട് ഒട്ടും മമത തോന്നാനിടയില്ല. കലാലയങ്ങളിൽ പലപ്പോഴും സൗഹൃദങ്ങൾ ഔപചാരികങ്ങളും താല്ക്കാലികങ്ങളുമാണ്. ആഹ്ലാദവും വേദനയും ഉണ്ടാക്കുന്ന ഒരു തീവ്രസൗഹൃദം ഇന്ന് കലാലയകാലം പലർക്കും നല്കുന്നില്ല.



ക്ലാസ്സുകളിൽ കയറാത്തവൻ ഒന്നാം ക്ലാസ്സിൽ വിജയിക്കുന്നതും, തോറ്റവർ ജയിക്കുന്നതും, ഒന്നാംസ്ഥാനക്കാരൻ നാലാംസ്ഥാനത്തേക്ക് മാറ്റപ്പെടുന്നതും അവർ മനസ്സിലാക്കുന്നു. പരീക്ഷയുടെ ഉത്തരക്കടലാസുകൾ വഴിയോരത്തുനിന്ന് കണ്ടെത്തിയത് വാർത്തയാണ്. കുറുക്കുവഴികളിലൂടെ പരീക്ഷാവിജയം നേടുന്നത്, മാർക്ക്ലിസ്റ്റിലെ അക്കങ്ങൾ മാറ്റി ഉന്നതവിജയം കൈവരിക്കുന്നത് സുലഭം.

ഹൃദയം തുറന്ന് ഭാഷണം നടത്താനുതകുന്ന ഒരു ചങ്ങാത്തം വിദ്യാർത്ഥിക്ക് സമാനവയസ്കരുടെ സംഘത്തിൽ നിന്ന് ലഭിക്കുന്നില്ല പലപ്പോഴും. കൂടുതൽ സമയം ചെലവഴിക്കുന്ന ഹോസ്റ്റലുകളിൽപ്പോലും ഇതാണ്. സ്ഥിതി. ആരേയും വിശ്വസിക്കാനോ ആരേയും വിശ്വസിപ്പിക്കാനോ കൗമാരപ്രായക്കാർക്ക് കഴിയാതെ പോവുന്നു.

ഭ്രമങ്ങളുടേയോ സാഹസികതയുടേയോ ചിലപ്പോൾ വീഴ്ചകളുടേയോ സൗഹൃദസംഘങ്ങളിലാണ് വിദ്യാർത്ഥി യെത്തുന്നത്. സംഘർഷങ്ങളുടെ നേരങ്ങളിൽ കൂട്ടിന്ന് ആശ്വാസമേകുന്ന അദ്ധ്യാപകർ എമ്പാടുമുണ്ടാവില്ല. ദുർബലതയുടേയും അരക്ഷിതാവസ്ഥയുടേയും സന്ദർഭങ്ങളിൽ സുരക്ഷിതത്വം നൽകാൻ അദ്ധ്യാപകർക്ക് കഴിയാറില്ല. സംഘർഷങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരമാർഗനിർദ്ദേശം നൽകാനുതകുന്ന കൗൺസിലിങ് ഒട്ടുമുക്കാലും കലാലയങ്ങളിൽ ലഭ്യമല്ല. ഇത്തരമൊരു ചുറ്റുവട്ടം ഒളിച്ചോട്ടത്തിനും അന്യവൽക്കരണത്തിനും കാരണമാകുന്നതിലത്ഭുതപ്പെടാനില്ല.

പരീക്ഷാസമ്പ്രദായത്തിൽ വന്ന രോഗങ്ങളെയും വിദ്യാർത്ഥി അറിയാതെ പോവുന്നില്ല. ക്ലാസ്സുകളിൽ കയറാത്തവൻ ഒന്നാം ക്ലാസ്സിൽ വിജയിക്കുന്നതും, തോറ്റവർ ജയിക്കുന്നതും, ഒന്നാംസ്ഥാനക്കാരൻ നാലാംസ്ഥാനത്തേക്ക് മാറ്റപ്പെടുന്നതും അവർ മനസ്സിലാക്കുന്നു. പരീക്ഷയുടെ ഉത്തരക്കടലാസുകൾ വഴിയോരത്തുനിന്ന് കണ്ടെത്തിയത് വാർത്തയാണ്. കുറുക്കുവഴികളിലൂടെ പരീക്ഷാവിജയം നേടുന്നത്, മാർക്ക്ലിസ്റ്റിലെ അക്കങ്ങൾ മാറ്റി ഉന്നതവിജയം കൈവരിക്കുന്നത് സുലഭം. ക്യാപ്പിറ്റേഷൻ ഫീസും ഡൊണേഷനും അവരുടെ ലോകത്തിന്റെ ഭാഗമാണിന്ന്. ഇങ്ങിനെയുള്ള ഒരു ലോകം മാതൃകാപരമായ ഒന്നായി വിദ്യാർത്ഥികൾക്കെങ്ങിനെ തോന്നും? അത്തരമൊരു ലോകത്തിന്.

രാഷ്ട്രീയപ്പാർട്ടികളുടെ അധികാരമത്സരത്തിൽ തങ്ങൾ ഇരയാവു

ന്നത് അസ്പഷ്ടയാണെങ്കിലും ചിലർ മനസ്സിലാക്കുന്നു. കുട്ടിരാഷ്ട്രീയം കലാലയജീവിതത്തിന്റെ ഒരു തമാശയാണ്. തിരഞ്ഞെടുപ്പും മത്സരരംഗത്തെ കുതികാൽവെട്ടും കുതന്ത്രങ്ങളും പരസ്യമായ കാര്യങ്ങൾ. മതങ്ങളും രാഷ്ട്രീയസംഘടനകളും വിദ്യാഭ്യാസത്തെ ഭരിക്കുന്നതും ഞെരിക്കുന്നതും വിദ്യാർത്ഥി അറിയാതെ പോവുന്നില്ല. കലാലയ രാഷ്ട്രീയപരിസരം ഇന്നത്തെ വിദ്യാർത്ഥിക്ക് ബൗദ്ധികമായ ഒരു മാറ്റത്തിനും കാരണമാക്കുന്നില്ല.: പ്രവർത്തനോൽമുഖതയെ വളർത്തിയെടുക്കുന്നുമില്ല. സ്വാർത്ഥതയുടേയും കുഞ്ചിത മാർഗങ്ങളുടേയും ഒരു ലോകം അതിനിണങ്ങിയ ഇളംതലമുറയേ പണിയൂ.

തങ്ങളെപ്പോലെയായിരിക്കണം പിൻതലമുറയും എന്ന വിചാരം, നിമിഷമാറ്റങ്ങളുടെ ഈ നൂറ്റാണ്ടിൽ തികഞ്ഞ മൗഢ്യമാണ്. ഇളംതലമുറയുടെ മനോഭാവവും പെരുമാറ്റവും ഈവിധമായിരിക്കണമെന്ന് നിഷ്കർഷിക്കുന്നവർ അവരവരുടെ അകത്തളങ്ങളിലേക്ക് നോക്കാറില്ല, സ്വന്തം മുഖമോ അവരവരുടെ കഴിഞ്ഞകാലമോ കണ്ണാടിക്കെതിരെ പിടിക്കാറില്ല. ഇന്നത്തെ വിദ്യാർത്ഥിക്ക് മുന്നിൽ ആധുനികലോകം സർവ്വവിധ വർണ്ണഘോഷങ്ങളോടെയും പരന്നുകിടക്കുന്നു. ശ്രവ്യദൃശ്യമാധ്യമങ്ങൾ, വർണ്ണശബളിമയാർന്ന പ്രസിദ്ധീകരണങ്ങൾ, ദൂരം കൈപ്പിടിയിലാക്കാവുന്ന യാത്രാ സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം ഇന്നൊരാളിന്റെ കാൽക്കീഴിലെത്തിക്കുന്നു. പ്രാദേശികതയുടെയും സങ്കുചിതത്വത്തിൽറെയും അതിർവരമ്പുകൾ മാധ്യമങ്ങൾ ലംഘിക്കപ്പെടുന്നു. ക്രിക്കറ്റും ചലചിത്രങ്ങളും സീരിയലും കണ്ടു നിറഞ്ഞ ലോകം വിദ്യാർത്ഥികളെ മാറ്റിമറിച്ചിരിക്കുന്നു. അവരും ഉപഭോക്തൃസമൂഹത്തിന്റെ കണ്ണികളായി മാറുന്നു.

ഈ ലോകം അതിഭ്രമാത്മകതയുടേയും ഒളിച്ചോടലിന്റെയും വേദവാക്യമോതുമ്പോൾ വിദ്യാർത്ഥികൾ എളുപ്പം ചെവിയും ഹൃദയവും നൽകുന്നു.

ബാക്കി ലോകം പകുത്തുകൊടുക്കുന്ന വ്യക്തിത്വത്തിന്റെ ഘടകങ്ങൾക്ക്നേരെ തന്നെയാണ് ലോകം പല്ലിളിക്കുന്നത്, നൽകാത്ത സ്നേഹവും കൊടുക്കാത്ത സംരക്ഷണവും കൈമാറാനില്ലാത്ത നന്മയും ഉറപ്പു നൽകാനില്ലാത്ത ശോഭനഭാവിയും തന്നെയാണ് ഇളംതലമുറയെ കടപ്പാടുകളിൽനിന്ന് മാറ്റിനിർത്തുന്നത്. കഴിവിനെ കാണാനോ താൽപ്പര്യങ്ങളെ ഉണർത്താനോ ശ്രമിക്കാത്ത മുതിർന്നവരുടെ ലോകം അക്കാരണം പറഞ്ഞ്തന്നെ വിദ്യാർത്ഥികളെ വിമർശിക്കുന്നു എന്നതാണ് വിരോധാഭാസം.

വിദ്യാർത്ഥി കൗമാരത്തെ യാഥാർത്ഥ്യബോധത്തോടെ സമീപിക്കുന്ന ഒരു കാഴ്ചപ്പാടുണ്ടാക്കേണ്ടതുണ്ട്. വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ന്യൂനതകൾ മനസ്സിലാക്കി വ്യക്തിപരമായ കഴിവുകളുടെ വികാസത്തിന് ശ്രമിക്കുന്നതാണ് ശ്ലാഘനീയം. ആധുനികകാലത്തിന്റെ നേട്ടങ്ങളും സൗകര്യങ്ങളും വ്യക്തിത്വവികാസത്തിന് ഉചിതമാംവിധം ഉപയോഗിക്കുന്നതാണുത്തമം.

ആന്തരികപ്രകൃതങ്ങളും ഘടനാവിശേഷങ്ങളും വ്യക്തിയുടെ ആഗ്രഹാഭിലാഷങ്ങളും കണ്ടറിഞ്ഞ് ആന്തരികശക്തികളുടെ ശുദ്ധീകരണത്തിന് ശ്രമിക്കാത്ത ചുറ്റുപാടുകൾക്കും അകാലനരബാധിച്ച മധ്യവയസ്കർക്കും യുവതലമുറയെ കുറ്റപ്പെടുത്താനോ പഴിചാരാനോ അവകാശമോ അർഹതയോ ഇല്ലെന്നതാണ് സത്യം. □

---

അവൻ പുകയുടെ വട്ടെഴുത്തുകൾ വ്യാഖ്യാനിച്ചെടുത്തു
അവൻ നിശ്ശബ്ദതയുടെ നാരുകൾകൊണ്ടു സ്വയം നെയ്തെടുത്തു
അവൻ ഒലീവു മരത്തിന്റെ ആത്മാവിനെപ്പോലെ സ്വയം എണ്ണയിട്ടു
അവൻ ഒരു കൊടുങ്കാറ്റാവാൻ പരിശീലിച്ചു
അവൻ രക്തം പൊലിഞ്ഞുപോകുംവരെ പൊരുതിനിന്നു
അപ്പോൾ മാത്രമേ അവൻ അവന്റെ ജനങ്ങൾക്കർഹനായുള്ളൂ.

– പാബ്ലോ നെരൂദ

റോക്കി ബക്കർ. സി
രജിത. ടി
റോഷ്ന. ഐ.
ഒന്നാംവർഷ ബി.എ.
സോഷ്യോളജി

# യുദ്ധവിചാരണ

വിവരണാതീതമായ വിപത്തുകളുടെ കൂമ്പാരമാണ് യുദ്ധം. ഇക്കാലമത്രയും ഉള്ള ചരിത്രങ്ങൾ സമ്പുഷ്ടമാക്കുന്നതും യുദ്ധങ്ങളിലൂടെയും യുദ്ധവിജയങ്ങളിലൂടെയുമാണ്. മനുഷ്യൻ ഭൂമിയിൽ സംഘജീവിതമാരംഭിക്കുകയും സ്വത്തവകാശം ആചരിക്കാൻ തുടങ്ങുകയും ചെയ്തതുതൊട്ട് യുദ്ധത്തിന്റെ വിത്തുകൾഭൂമിയിൽ പൊട്ടിമുളയ്ക്കുകയായി. കുടിപ്പക ചേരിപ്പോരായപ്പോഴും ഗോത്രസംഘട്ടനം നാടുവാഴി പടയൊരുക്കമായപ്പോഴും പിന്നീട് രാജാക്കന്മാരുടെ ശക്തി തെളിയിക്കുന്ന പിടിച്ചടക്കലായും രൂപപ്പെട്ടു വന്ന യുദ്ധത്തിന്റെ പിന്മുറകൾ ഇന്ന് വളർന്ന് രാജ്യങ്ങൾ തമ്മിലുള്ള മഹായുദ്ധങ്ങളുടെ രൂപത്തിൽ നിലകൊള്ളുന്നു. യുദ്ധം കൊണ്ടുള്ള നേട്ടമെന്ത്? അശോകനും അക്ബറും, ഹിറ്റ്ലറും മുസ്സോളിനിയും, നിക്സണും, ക്ലിന്റണും എന്തുനേടി? യുദ്ധംകൊണ്ട് ഏത് രാജ്യത്തിനു നേടാൻ കഴിയുന്നത് ഒന്ന് തന്നെ. 'വാളെടുത്തവൻ വാളാൽ' എന്നതുപോലെ, യുദ്ധം തുടങ്ങുന്നതാരോ അവർ ആ രാജ്യത്തെ നശിപ്പിക്കാനും വഴിവെക്കുന്നു. യുദ്ധക്കെടുതികൾ യുദ്ധം അടിച്ചേല്പിക്കപ്പെടുന്ന രാജ്യത്തിന് മാത്രമുള്ളതല്ല. അത് യുദ്ധക്കൊതിയന്മാർക്ക്കൂടി ഉള്ളതാണ്. ആയിരങ്ങളുടെ ചോര

> 'വാളെടുത്തവൻ വാളാൽ' എന്നതുപോലെ, യുദ്ധം തുടങ്ങുന്നതാരോ അവർ ആ രാജ്യത്തെ നശിപ്പിക്കാനും വഴിവെക്കുന്നു. യുദ്ധക്കെടുതികൾ യുദ്ധം അടിച്ചേല്പിക്കപ്പെടുന്ന രാജ്യത്തിന് മാത്രമുള്ളതല്ല.



ചിന്തിയ മണ്ണിൽനിന്ന് വിടരുന്ന ഏതൊരു പനിനീർപൂവിനും രക്തത്തിന്റെ ഗന്ധമായിരിക്കും. ജീവിക്കാൻ കൊതിക്കുന്ന ആയിരങ്ങളുടെ ശിരസ്സിൽ ചവിട്ടി നിന്നിട്ടായിരിക്കും ഒരു രാജ്യവിസ്തൃതി

വർദ്ധിക്കുകയോ നിലനിർത്തുകയോ ചെയ്യുന്നത്.

യുദ്ധം പുരോഗതിയുടെ മാർഗ്ഗമായും മാറിയിരിക്കുന്നു. ഒരു രാജ്യത്തിന്റെ ഭൗതിക തലങ്ങളിലെ മാറ്റങ്ങളേറെയും യുദ്ധത്തിനുള്ള സന്നാഹമായി വിടരുന്നതും ഒരു യാഥാർത്ഥ്യമാണ്. യുദ്ധം ഒരു രാജ്യത്തിന്റെ വികസനചിഹ്നങ്ങളായും പുരോഗമനത്തിന്റെ നിമിത്തങ്ങളായും മാറാറുണ്ട്. യുദ്ധം കൊണ്ടുവരുന്ന സാങ്കേതിക വളർച്ചയും യുദ്ധകാലത്തെ വിഭവസംഭരണവും പ്രവർത്തിക്കുന്നതിലുള്ള ഊർജ്ജസ്വലതയും പലപ്പോഴും ഒരു രാജ്യത്ത് സാരമായ ഭൗതികമാറ്റങ്ങൾ വഴിവെക്കാറുണ്ടല്ലോ?

ലോകസമൂഹം ഈ നൂറ്റാണ്ടിൽ രണ്ടു ലോകമഹായുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ചിരിക്കുന്നു. ഒന്നാം ലോകമഹായുദ്ധം താരതമ്യേന നശീകരണ ശേഷി കുറഞ്ഞതായിരുന്നു. പക്ഷേ രണ്ടാം ലോകമഹായുദ്ധം ലക്ഷക്കണക്കിന് മനുഷ്യരുടെ മേൽ സംഹാരതാണ്ഡവമാടിക്കൊണ്ടാണ് അവസാനിച്ചത്.

ഇന്ന് യുദ്ധം ഒരാഘോഷമായി മാറിയിരിക്കുന്നു. തെരുവുകളിൽ യുദ്ധഫണ്ട് പിരിക്കൽ പൊടിപൊടിക്കുന്നു. മാധ്യമങ്ങൾ വേണ്ടത്ര ചേരുവകൾ ചേർത്ത് യുദ്ധത്തെ ചൂടോടെ വിളമ്പുന്നതിൽ മത്സരിക്കുന്നു. വികസിത രാജ്യങ്ങളും അവരുടെ ആയുധകമ്പനികളും അത്യാധുനിക രീതിയിൽ മനുഷ്യനെ കൊന്നൊടുക്കുവാനുള്ള യന്ത്രസൂത്രങ്ങൾ വിറ്റ് കീശ വീർപ്പിക്കുന്നു. അവികസിത രാജ്യങ്ങളെ കൂടുതൽ കൂടുതൽ ആയുധം വാങ്ങിപ്പിക്കാനായി തമ്മിലടിപ്പിക്കുന്നു.

യുദ്ധങ്ങൾ ആവർത്തിക്കുകയാണ് നമുക്കുപോലുമറിയാത്ത കാരണങ്ങളുടെ പേരിൽ ഏതൊക്കെയോ വിശ്വാസങ്ങളുടെ ബലത്തിൽ. പക്ഷേ ആര് നേടുന്നു. ആർക്ക് നഷ്ടപ്പെടുന്നു ഉത്തരമില്ല.

1971നുശേഷം ഇതാദ്യമായാണ് ഒരു യുദ്ധത്തിന്റെ എല്ലാ സന്നാഹങ്ങളോടും കൂടി പാക്കിസ്ഥാൻ ഇന്ത്യയിലേക്ക് നുഴഞ്ഞുകയറ്റം നടത്തുന്നത്. ഇന്തോ പാക്ക് അതിർത്തിയിൽ നിയന്ത്രണരേഖയോട് ഏറ്റവും അടുത്ത് കിടക്കുന്ന തന്ത്രപ്രധാനമായ (ദ്രാസ്, കാർഗിൽ, ടൈഗർഹിൽസ്, ബടാലിക്) സ്ഥലങ്ങളിലാണ് നുഴഞ്ഞുകയറ്റക്കാർ താവളമടിച്ചിരുന്നത് എന്ന് മാധ്യമങ്ങളിലൂടെ സൈനികവൃത്തങ്ങൾ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു.

ഈ അപ്രഖ്യാപിതയുദ്ധം കാശ്മീർ ജനതയിൽ മാത്രമല്ല ആശങ്കകൾ വിതച്ചിരിക്കുന്നത്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ യുദ്ധം ഇന്ത്യയൊട്ടാകെ ബാധിച്ചിരിക്കുന്നു. യുദ്ധത്തിനായി ആറായിരം കോടി ചിലവഴിച്ചിരിക്കുന്നു. യുദ്ധമുണ്ടാക്കിയ നാശനഷ്ടങ്ങളുടെ പുനരധിവാസത്തിന് വേറെയും കോടികൾ ചെലവഴിക്കണം. എന്നിരിക്കെ യുദ്ധം ഏതു വിധം തെക്കെ ഇന്ത്യക്കാർ പ്രത്യേകിച്ച് കേരളീയർ ഉൾക്കൊള്ളുന്നു എന്നറിയേണ്ടതുണ്ട്.

ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മലയാളികൾക്ക് ഒരിക്കലും യുദ്ധത്തിന്റെ നേരിട്ടുള്ള ഫലങ്ങൾ അനുഭവിച്ചിട്ടില്ല. കേരളത്തിൽനിന്നുള്ള

> **യു**ദ്ധം ക്യാമ്പസിൽ പ്രത്യേകിച്ചൊരു അലയൊലികളുമുണ്ടാക്കിയിട്ടില്ല. യുദ്ധം അപൂർവ്വമായേ ഗൗരവാവഹമായ ചർച്ചക്ക് പോലും പാത്രമാക്കിയിട്ടില്ല. യുദ്ധത്തെക്കുറിച്ചുള്ള നിറം പിടിപ്പിച്ച നുണകളോ, അതിവൈകാരികത കലർന്ന ഫീച്ചറുകളോ ക്യാംപസിൽ ഒരു ഒഴിവ് നേരം വാർത്തയുണ്ടാക്കുന്നതിലധികം അനുരണങ്ങളും ഉണ്ടാക്കിയിട്ടില്ല.



സൈനികരിലൂടെ മാത്രമേ നാം യുദ്ധമെന്തെന്ന് അനുഭവിച്ചിട്ടുള്ളൂ. ഇതു വെറും വിരലിലെണ്ണാവുന്ന കുടുംബങ്ങൾക്കുള്ള നഷ്ടമേ ഉണ്ടാവാറുള്ളൂ. യുദ്ധം എവിടെയെന്നും എന്തിനെന്നും അറിയാത്തവരും അറിയാൻ ശ്രമിക്കാത്തവരും നമ്മുടെ ഇടയിലുണ്ട്.

യുദ്ധം ക്യാമ്പസിൽ പ്രത്യേകിച്ചൊരു അലയൊലികളുമുണ്ടാക്കിയിട്ടില്ല. യുദ്ധം അപൂർവ്വമായേ ഗൗരവാവഹമായ ചർച്ചക്ക് പോലും പാത്രമാക്കിയിട്ടില്ല. യുദ്ധത്തെക്കുറിച്ചുള്ള നിറം പിടിപ്പിച്ച നുണകളോ, അതിവൈകാരികത കലർന്ന ഫീച്ചറുകളോ ക്യാംപസിൽ ഒരു ഒഴിവ് നേരം വാർത്തയുണ്ടാക്കുന്നതിലധികം അനുരണങ്ങളും ഉണ്ടാക്കിയിട്ടില്ല. സംഘടനകൾക്ക് രാജ്യദ്രോഹികളല്ല ഞങ്ങളെന്ന് പ്രകടിപ്പിക്കാൻ ഒരു മുദ്രാവാക്യം വിളി, അതല്ലെങ്കിൽ ധീരജവാന്മാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചൊരു പ്രകടനം. ഇതിലപ്പുറം കലാലയവളപ്പിൽ 'യുദ്ധം ഒന്നും ചെയ്യുവെന്ന് തോന്നുന്നില്ല. അധ്യാപകരുടെ വിദ്യാർത്ഥികളുടെ പ്രതിനിധികൾ യുദ്ധത്തിന്റെ ഭീകരതയെക്കുറിച്ചും അനാവശ്യകതയെക്കുറിച്ചും പറയുന്നുണ്ട്? അതിനപ്പുറം?

മലയാള വിഭാഗത്തിലെ അധ്യാപകനായ കെ.എം. നസീർ അഭിപ്രായപ്പെടുന്നത് നേതൃത്വത്തിന്റെ സ്വാർത്ഥ താല്പര്യസംരക്ഷണമാണ് പലപ്പോഴും രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധത്തിന് കാരണമായിത്തീരുന്നത് എന്നാണ്. 'ദേശീയത' എന്ന വികാരം ആളിക്കത്തിച്ച് രാഷ്ട്രത്തിന്റെ ഏത് പ്രശ്നത്തിൽനിന്നും ശ്രദ്ധ തിരിച്ചുവിടാൻസമർത്ഥമായി ഉപയോഗിക്കുന്ന ആയുമായിരിക്കുന്നു യുദ്ധം.

ലൈബ്രേറിയനായ എം. അയൂബ് അവികസിത

രാഷ്ട്രങ്ങളിലാണ് കൂടുതൽ യുദ്ധങ്ങളുണ്ടാകുന്നതെന്ന് പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. 'രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി രാഷ്ട്രനേതാക്കളുടെ സൃഷ്ടിയായിട്ടാണ് യുദ്ധമുണ്ടാകുന്നത്' ഇതിലൊക്കെ വികസിത രാഷ്ട്രങ്ങളുടെ ആയുധകച്ചവടം ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ടെന്ന് അദ്ദേഹം കരുതുന്നു.

കൊമേഴ്സ് വിഭാഗം മേധാവിയായ അബ്ദുള്ള പെരിങ്ങോടിന് അല്പം വ്യത്യസ്തതയോടെ യുദ്ധത്തെ നോക്കിക്കാണുവാനാണിഷ്ടം. അദ്ദേഹം ചോദിക്കുന്നു, "കലിംഗ മുതൽ കാർഗിൽ വരെ യുദ്ധം കൊണ്ട് മനുഷ്യൻ എന്ത് നേടി?"

ഹിന്ദി വിഭാഗത്തിലെ അധ്യാപകനായ മോഹൻരാജ് മേനോൻ യുദ്ധം അത്യന്തികമായി സർവലോകനാശത്തിനു കാരണമായിത്തീരുന്നുവെന്ന് സമർത്ഥിക്കുന്നു.

മൂന്നാംവർഷ ബി.എ വിദ്യാർത്ഥിയായ ഷംസുദ്ദീൻ യുദ്ധം ചിലപ്പോൾ നിർബന്ധമായിത്തീർന്നേക്കാം എന്ന് കരുതുന്നു.

മലയാളംവിഭാഗം അധ്യാപകനായ കെഇഎൻ കുഞ്ഞഹമ്മദ് യുദ്ധത്തെ അനുകൂലിക്കുന്നില്ല. യുദ്ധത്തിന്റെ മുഴുവൻ കഷ്ടപ്പാടുകളും പേറേണ്ടി വരുന്നത് സാധാരണ ജനങ്ങളാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

നാടിന്റെ സാമ്പത്തിക ഭദ്രത, ജനങ്ങളുടെ ആരോഗ്യം എന്നിവയെല്ലാം യുദ്ധം പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നാണ് മൂന്നാംവർഷ ബിഎസ്സി വിദ്യാർത്ഥിയായ രാജേഷ് പി യുടെ വിലയിരുത്തൽ.

"യുദ്ധമുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ എങ്ങനെ വിലയിരുത്തുന്നു?" എന്ന ചോദ്യത്തിന് കൂടുതൽപേരും ഏകാഭിപ്രായം പ്രകടിപ്പിക്കുന്നു. ജീവഹാനി, രാഷ്ട്രത്തിന്റെ മൂല്യശോഷണം, സാമ്പത്തികനഷ്ടം തുടങ്ങിയവയാൽ വരും തലമുറയെക്കുറിച്ച് ഉൽകണ്ഠ ഇവർ വെച്ചു പുലർത്തുന്നു.

കെ.ഇ.എൻ, മോഹൻരാജ്, നസീർ, അബ്ദുല്ല പെരിങ്ങാട്ട്, റഹീം, ഷംസുദ്ദീൻ എന്നിവരെല്ലാവരും തന്നെ ഒരവികസിത രാജ്യത്തെ സംബന്ധിച്ചടത്തോളം യുദ്ധം ഒട്ടും ആശ്വാസകരമല്ല എന്ന പക്ഷക്കാരാണ്. പെരിങ്ങോടിന്റെ വാക്കുകൾ "അവികസിത സമ്പദ്‌വ്യവസ്ഥ ഒരാചാരമായി അവശേഷിക്കുന്ന അവസ്ഥ രാജ്യത്തെ പൗരന്മാരെ ദാരിദ്ര്യരേഖയ്ക്ക് കീഴിലാക്കാനേ ഉപകരിക്കുകയുള്ളൂ.

**ഈ അപ്രഖ്യാപിതയുദ്ധം കാശ്മീർ ജനതയിൽ മാത്രമല്ല ആശങ്കകൾ വിതച്ചിരിക്കുന്നത്. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ യുദ്ധം ഇന്ത്യയൊട്ടാകെ ബാധിച്ചിരിക്കുന്നു.**

യുദ്ധംകൊണ്ട് നേടുന്നതും ഇതുതന്നെയാവും."

കാർഗിൽ അപ്രഖ്യാപിത യുദ്ധത്തെക്കുറിച്ച് ക്യാംപസിന്റെ പ്രതികരണം വ്യത്യസ്തമാണ്.

കെ.ഇ.എൻഉം രാജേഷ് പി യും ഭരണകൂടത്തിന്റെയും സുരക്ഷാസംവിധാനത്തിന്റെയും പാളിച്ചയാണ് കാർഗിൽ പ്രശ്നത്തിന് പിന്നിലെന്ന് ഉറച്ചുവിശ്വസിക്കുന്നു. ആരുടെയൊക്കെയോ താല്പര്യങ്ങൾ സംരക്ഷികകപ്പെടാനാണ് യുദ്ധം വലിച്ചുനീട്ടിക്കൊണ്ടുപോയത് എന്ന് ഷംസുദ്ദീൻ സംശയിക്കുന്നു. കാർഗിൽ യുദ്ധം പാക്കിസ്ഥാൻ പട്ടാളത്തിന്റെ കസർത്തായി മാത്രം എം. അയൂബ് കാണുന്നു. ഇംഗ്ലീഷ് വിഭാഗത്തിലെ അധ്യാപകനായ ടി.വി പ്രകാശ് ഈ യുദ്ധം കൊണ്ട് പാക്കിസ്ഥാൻ ഒന്നും നേടിയിട്ടില്ല, അവർ സ്വയം നിന്ദിക്കപ്പെട്ടിട്ടേയുള്ളൂ എന്ന് അഭിപ്രായപ്പെടുന്നു.

യുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ യുദ്ധത്തിന്റെ രാഷ്ട്രീയം എന്നിവ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന മലയാളി, പ്രത്യേകിച്ച് ആവേശവും സാഹസികതയും വെച്ചു പുലർത്തുന്ന യുവത യുദ്ധവേളയിൽ രാജ്യത്തിനുവേണ്ടി എന്തുചെയ്യാനാണാഗ്രഹിക്കുക.

യുദ്ധസാഹചര്യങ്ങളിൽ രാജ്യത്തിന് വേണ്ടി കഴിയാവുന്നത് ചെയ്യുമെന്ന് തന്നെ ക്യാമ്പസ് രേഖപ്പെടുത്തുന്നു. ഒരു പൗരന്റെ ധർമ്മം നിറവേറ്റാനൊരുക്കമുള്ളവരെന്ന് അവർ അവകാശപ്പെടുന്നു. എം. അയൂബ് മാതൃരാജ്യത്തിന്റെ നിലനില്പിനും ഭദ്രതയ്ക്കുംവേണ്ടി ആകുന്നത് ചെയ്യാനൊരുക്കം. ടി.വി പ്രകാശ് രാജ്യത്തിന്റെ ഭദ്രത ഉറപ്പ് വരുത്താൻ സഹായകരമായ രീതിയിൽ പ്രവർത്തിയ്ക്കുമെന്ന് പറയുന്നു. ഒരു പൗരൻ എന്ന നിലയിൽ ഓരോ ഭാരതീയനും അടിയന്തിര ഘട്ടങ്ങളിൽ രാജ്യത്തിനൊപ്പം നില്ക്കേണ്ടതുണ്ട് എന്ന് രാജേഷ് പി.പി. അഭിപ്രായപ്പെടുന്നു. അത്യാസന്നഘട്ടങ്ങളിൽ മാതൃഭൂമിയ്ക്ക് വേണ്ടി സേവനം ചെയ്യണമെന്ന് വിശ്വസിക്കുന്നു. മോഹൻരാജ് യുദ്ധവേളയിൽ ഏതു തരത്തിലുള്ള സേവനമായിരിയ്ക്കും ചെയ്യുക എന്ന മുൻകൂട്ടി പറയാനാവില്ലെന്ന് പറഞ്ഞു. അതിർത്തിക്കപ്പുറമുള്ളത് ശത്രുക്കളാണെന്ന് അബ്ദുള്ള പെരിങ്ങാട് കരുതുന്നില്ല. എന്നാൽ മാതൃഭൂമിയുടെ മാനം കാക്കാൻ ഈ വിചാരം തടസ്സമല്ലെന്ന് അദ്ദേഹം വിശ്വസിക്കുന്നു. യുദ്ധത്തിന്റെ കെടുതികൾ ലഘൂകരിക്കാൻ സാധിക്കുന്നത് ചെയ്യാനാഗ്രഹിക്കുന്ന വ്യക്തിയാണ് കെമസ്ട്രി വിഭാഗത്തിലെ അധ്യാപകനായ എ.കെ. അബ്ദുൾറഹീം.

രാജ്യസ്നേഹത്തിന്റെ പേരിൽ യുദ്ധക്കളത്തിലേക്ക് പോകാകാനൊരുക്കമല്ലെന്ന് തുറന്നുപറയുന്നവരും ക്യാമ്പസിലുണ്ട്. മറ്റുള്ളവരുടെ ജീവനേക്കാളും പ്രധാനം ഇവർക്ക് സ്വന്തം ജീവനെന്ന് പറയാൻ മടിക്കാത്തവരാണിവർ.

യുദ്ധം ആരും ആശിക്കുന്നില്ല. യുദ്ധത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് സർവരും ബോധവാന്മാരുമാണ്. യുദ്ധക്കെടുതികൾ ഒരു യാഥാർത്ഥ്യമായി കണ്ണുതുറിച്ച് നോക്കുമ്പോഴും യുദ്ധങ്ങൾ ആവർത്തിക്കുന്നു. ആയിരങ്ങൾ ബലിയർപ്പിക്കപ്പെടുന്നു. ഭരണാധികാരികളുടെ പ്രേരണയാൽ ദേശാഭിമാനം എന്ന വികാരത്തെ ഊതിപ്പെരുപ്പിക്കുന്നതിനാൽ പല യുദ്ധങ്ങൾ ന്യായീകരിക്കപ്പെടുന്നു. അതിന്റെ ഭാഗമായി നുണകളും അസത്യങ്ങളും പ്രചരിപ്പിക്കപ്പെടുന്നു. ഭരണകർത്താക്കളുടെ അഹന്തയെ തൃപ്തിപ്പെടുത്താൻ യുദ്ധങ്ങൾ ആഘോഷങ്ങളാക്കി മാറ്റുന്നു. സത്യവും സാധാരണ ജനങ്ങളും രക്തസാക്ഷികളാകുന്ന യുദ്ധത്തെ ആരും നേരിട്ട് അംഗീകരിക്കുന്നില്ല. എന്നിട്ടും യുദ്ധങ്ങളാവർത്തിക്കുന്നു. തീവ്രയൗവനം ഹോമിക്കപ്പെടുന്ന വൈധവ്യം ആഘോഷമാക്കി മാറ്റുന്ന യുദ്ധത്തെ ക്യാംപസും വെറുക്കുന്നു. യുദ്ധത്തിന്റെ കെടുതികളൊന്നും നേരിട്ടറിയാത്ത മലയാളക്കരയിലെ മറ്റു കലാലയങ്ങളും മറിച്ചായിരിക്കുകയില്ല ചിന്തിക്കുന്നത്. □